# The Prabuddha Keralam.

# പ്രബുദ്ധകേരളം.

വിവേക നിർമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
“പ്രബുദ്ധകേരളം” രാമകൃഷ്ണോരക്ഷതു സർവ്വദാ.

വാല്യം ൧൭ } ൧൧൦൯ കന്നി { ലക്കം ൧൨


## ഓം.

“......ആത്മാവ് ജഡമാണെന്നു വിചാരിക്കുന്നതിനുപകരം (സാധാരണ പാശ്ചാത്യരെപ്പോലെ അദ്ധ്യാത്മത്തെ അധിഭൂതത്തിനു തുല്യമായ താഴ്ന്ന തലത്തിലേയ്ക്കു വലിച്ചുകൊണ്ടുവരാതെ) അധിഭൂതത്തെയും അദ്ധ്യാത്മമായി പരിണമിപ്പിച്ച് ദിനംപ്രതി ‘ശാന്തം-ശിവം-സുന്ദര’വും അനന്തവുമായ അദ്ധ്യാത്മലോകത്തിന്റെ ഒരു ക്ഷണികദർശനമെങ്കിലും സമ്പാദിക്കുക! രാപകൽ അതിൽ തന്നെ കഴിക്കുന്നതിനു പ്രയത്നിക്കുക. കാമലോഭങ്ങൾക്കു നിമിത്തമായ അമംഗളവസ്തുക്കളെ അന്വേഷിക്കരുത്—പാദംകൊണ്ടുപോലും സ്പർശിക്കരുത്. സ്വഹൃദയസിംഹാസനത്തിൽ ആരോഹണംചെയ്യിച്ചിരിക്കുന്ന പ്രാണനാഥന്റെ ചരണനളിനങ്ങളിലേയ്ക്കു അഹന്നിശം നിങ്ങളുടെ അന്തരാത്മാവ് നെടുനൂൽപോലെ അവിച്ഛിന്നമായി പ്രവഹിക്കട്ടെ. ശരീരം തുടങ്ങിയ മററു വസ്തുക്കൾ സ്വയം വേണ്ടതു പ്രവർത്തിക്കട്ടെ. ജീവിതം അനിത്യം—ക്ഷണഭംഗുരമായ ഒരു സ്വപ്നം. യൌവനശ്രീയും സൌന്ദര്യസമ്പത്തും ഒരു നിമിഷംകൊണ്ട് മങ്ങി മറയുന്നു. രാപകൽ ഇപ്രകാരം പറയുക:—‘എന്റെ മാതാവും പിതാവും പതിയും പ്രിയനും സേവ്യനും ഈശ്വരനും സർവ്വവും അവിടുന്നുതന്നെ. വേറിട്ടാരുമല്ല. അവിടുത്തെയല്ലാതെ മററു യാതൊന്നും എനിക്കു ആവശ്യമില്ല. നിശ്ചയം.

നിശ്ചയം. എന്നിൽ സ്ഥിതിചെയ്യുന്നതു് അവിടുന്നുതന്നെ: എനിക്കു ആധാരവും അവിടുന്നുതന്നെ: ഞാനും അവിടുന്നുതന്നെ. അവിടുന്നുതന്നെ ഞാൻ. ധനത്തിൻ നാശവും ലാവണ്യത്തിനു ലോപവും ആയുസ്സിനു ഹാനിയും ശക്തിക്കു ക്ഷയവും നിശ്ചയമാണു്. സർവ്വേശ്വരൻ മാത്രം ശാശ്വതം: പരപ്രേമം മാത്രം സനാതനം. ശരീരയന്ത്രത്തെ സുസജ്ജിതമാക്കി സംരക്ഷിക്കുന്നതു് പ്രശംസാർഹമാണെങ്കിൽ ദുഃഖഭൂയിഷ്ഠമായ ശരീരത്തിൽനിന്നും മനസ്സിനെ പിൻവലിക്കുന്നതു് കുറേക്കൂടി വിശിഷ്ടമാണു്. നിങ്ങൾ ജഡമല്ല, ആത്മാവാണു് എന്നു കാണിച്ചുകൊടുക്കുവാൻ ഈ ഒരു മാർഗ്ഗമേയുള്ളു.

ഭഗവൽചരണങ്ങളെ മുറുകി പിടിക്കുക. ദേഹത്തിനോ മററു വസ്തുക്കൾക്കോ എന്താണു വരാൻപോകുന്നതു് എന്നു് ആർ ചിന്തിക്കണം. ദോഷങ്ങളുടെ ഭീഷണികണ്ടു് ദൈവമേ! നാഥാ! എന്നു പറയുവിൻ! മൃത്യുമുഖത്തിലെ തീവ്രയാതന ഓർത്തു് ഭഗവാനേ! പരമബന്ധോ! എന്നു് ഉച്ചരിക്കുവിൻ! ഈ പ്രപഞ്ചം പാത്രമായിത്തീർന്നിട്ടുള്ള സകല ദോഷങ്ങളും സ്മരിച്ചു് സർവ്വേശ്വരാ! പ്രേമൈകസിന്ധോ! എന്നു കരയുവിൻ! "അവിടുന്നു് ഇവിടെയുണ്ടു്. എനിക്കു പ്രത്യക്ഷനാണു്! എന്റെ കൂടെതന്നെയുണ്ടു്! അവിടുന്നു എനിക്കു അനുഭവഗോചരനാണു്. അങ്ങയുടെയാണു ഞാൻ. എന്നെ സ്വീകരിച്ചുകൊള്ളണമെ! ഞാൻ വിഷയപ്രപഞ്ചത്തിനുള്ളവനേയല്ല. അങ്ങയുടെതന്നെയാണു്: എന്നെ നിരസിക്കരുതെ" എന്നു പ്രാർത്ഥിക്കുവിൻ. വജ്രം വിളയുന്ന ഖനിയെ പിന്നിട്ടു നിങ്ങൾ കാക്കക്കല്ലുതേടി പോകരുതേ! ഈ ജന്മം ഒരു മഹിമയേറിയ അവസരമാണു്. എന്തു്! ഈ ലോകത്തിൽ ഭോഗസുഖങ്ങളെയാണൊ നിങ്ങൾ തേടുന്നതു്. സകലവിധമായ ആനന്ദത്തിനും അരുവിയല്ലെ ആനന്ദമയൻ; പരമമായ വസ്തുവിനെ അന്വേഷിക്കുവിൻ, പരമമായ വസ്തുവിനെ ലക്ഷ്യമാക്കുവിൻ, നിശ്ചയമായും നിങ്ങൾ പരമധാമത്തിൽ എത്തുകതന്നെ ചെയ്യും."

(ശ്രീമദ്വിവേകാനന്ദസ്വാമികൾ അമേരിക്കയിലെ ഒരു ശിഷ്യയ്ക്കയച്ച കത്തിൽനിന്നും).

---

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

രണ്ടാം ഭാഗം—ഇരുപത്താറാം ഖണ്ഡം.

## അദ്ധ്യായം ൩.

[അവതാരം, വേദവിധിക്കതീതം. വൈധീഭക്തിയും ഭക്ത്യുന്മാദവും.]

ഗിരിശൻ വീണ്ടും മുറിയിൽവന്നു് ഭഗവാന്റെ മുമ്പിൽ ഇരുന്നു വെററില മുറുക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ഗിരിശനോട്) രാഖാലും ഇപ്പോൾ, ഏതു നന്ന് ഏതു ചീത്ത, ഏതു സത്യം ഏതു മിഥ്യ എന്നു മനസ്സിലാക്കിയിട്ടുണ്ട്. അവർ സംസാരത്തിലിരിക്കുന്നത് അതൊക്കെ അറിഞ്ഞുകൊണ്ടാണ്. ഭാര്യയും കുട്ടികളും ഉണ്ടെങ്കിലും, ഒക്കെ മിഥ്യയെന്ന് അവരറിഞ്ഞിരിക്കുന്നു; അനിത്യമെന്നു മനസ്സിലായിരിക്കുന്നു. രാഖാലും മററും സംസാരത്തിൽ ലിപ്തന്മാരാകയില്ല.

"പങ്കമത്സ്യംപോലെ. ചെളിക്കുള്ളിലാണു പാർപ്പെങ്കിലും പുറത്ത് ചെളിയശേഷം പററുന്നില്ല."

ഗിരിശൻ:—ഭഗവൻ! അതൊന്നും എനിക്കറിഞ്ഞുകൂടാ. അവിടുന്നു മനസ്സുവെച്ചാൽ സകലരേയും നിർല്ലിപ്തന്മാരും ശുദ്ധന്മാരും ആക്കുവാൻ കഴിയും; സംസാരിയോ, ത്യാഗിയോ ആരെയും നന്നാക്കാം. മലയമാരുതൻ വീശിയാൽ എല്ലാ മരവും ചന്ദനമാകുമെന്നു ഞാൻ പറയുന്നു.

ശ്രീരാമകൃഷ്ണദേവൻ:—ഉൾക്കട്ടി (സാരം) ഇല്ലെങ്കിൽ ചന്ദനമാവുകയില്ല. ഇലവു, വാഴ മുതലായ മരങ്ങൾ ചന്ദനമാകുന്നില്ല.

ഗിരിശൻ:—അതു കേട്ടിട്ടില്ല.

ശ്രീരാമകൃഷ്ണദേവൻ:—എന്നു നിയമമുണ്ട്.

ഗിരിശൻ:—അവിടുത്തേയ്ക്കുള്ളതെല്ലാം നിയമത്തിനപ്പുറമാണ്.

ഭക്തന്മാർ മിണ്ടാതെ കേൾക്കുന്നു. മണിയുടെ കൈയിലെ വിശറി ഇടയ്ക്കിടെ വീശാതെ നിന്നുപോകുന്നു.

ശ്രീരാമകൃഷ്ണദേവൻ:—ഉവ്വ്! അങ്ങനെ വരാം. ഭക്തിനദി പെരുകിയാൽ കരയുമൊക്കെക്കൂടെ ജലമയമാകും.

"എപ്പോൾ ഭക്ത്യുന്മാദമുണ്ടാകുന്നുവോ അപ്പോൾ വേദവിധിയെ മാനിക്കുകയില്ല. കറുക പറിക്കും; തെരഞ്ഞെടുക്കുകയില്ല, കൈയിൽ വരുന്നതുപോലെ. തുളസി പറിക്കും, ചടചടയെന്ന് കൊമ്പുകൾ പിച്ചിഎടുക്കും. ഓ! എനിക്കേതെല്ലാം അവസ്ഥകൾ കഴിഞ്ഞുപോയിരിക്കുന്നു! (മാസ്റ്ററോട്) ഭക്തിയുണ്ടായാൽ മററൊന്നും വേണ്ടാ."

മാസ്റ്റർ:—ഉവ്വ്!

(സീതയും രാധയും. രാമാവതാരത്തിൻേറയും കൃഷ്ണാവതാരത്തിൻേറയും വിഭിന്നഭാവങ്ങൾ).

ശ്രീരാമകൃഷ്ണദേവൻ:—ഏതെങ്കിലും ഒരു ഭാവത്തെ പിടിക്കൂടണം. രാമാവതാരത്തിൽ ശാന്ത, ദാസ്യ, വാത്സല്യ, സഖ്യാദിഭാവങ്ങൾ. കൃഷ്ണാവതാരത്തിലും ആ ഭാവങ്ങളെല്ലാമുണ്ടായിരുന്നു; അതിൽ മധുരഭാവംകൂടിയുണ്ട്.

"ശ്രീമതിക്കു മധുരഭാവമാണ്—കൗലട്യമുണ്ട്. സീതയ്ക്കു ശുദ്ധസതീത്വമാണ്, കൗലട്യമില്ല".

"അവിടത്തെ ലീല. ഓരോരിക്കൽ ഓരോ ഭാവം".

വിജയനൊന്നിച്ച് ദക്ഷിണേശ്വരം കാളിക്ഷേത്രത്തിൽ ഭ്രാന്തിയെപ്പോലൊരു സ്ത്രീ, ഭഗവാനെ പാട്ടു കേൾപ്പിക്കാൻ വരാറുണ്ടായിരുന്നു. ശ്യാമയെപ്പററിയുള്ള ഗാനവും ബ്രഹ്മസംഗീതവും ആണ് അവരുടെ പാട്ട്. എല്ലാവരും അവരെ ഭ്രാന്തിയെന്നു പറഞ്ഞുവന്നു. അവർ കാശീപുരോദ്യാനത്തിലും എപ്പോഴും വരാറുണ്ട്, ഭഗവാന്റെ അടുത്തു ചെല്ലണമെന്ന് അവർ വളരെ ഉപദ്രവിക്കും. അതുകൊണ്ട് ഭക്തന്മാൎക്ക് വളരെ കരുതിയിരിക്കേണ്ടിവന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ഗിരിശാദി ഭക്തന്മാരോട്) ആ ഭ്രാന്തിക്കു മധുരഭാവമാണ്. ദക്ഷിണേശ്വരത്തൊരിക്കൽ വന്നിരുന്നു. പെട്ടെന്നു കരഞ്ഞു. ഞാൻ ചോദിച്ചു, എന്തിനു കരയുന്നുവെന്ന്. അതിന് അവർ പറഞ്ഞു—തലയിളകുന്നുവെന്ന്. (എല്ലാവരും ചിരിക്കുന്നു)

"പിന്നെയും ഒരിക്കൽ വന്നിരുന്നു. ഞാൻ ആഹാരം കഴിച്ചുകൊണ്ടിരിക്കുന്നു. അവർ പെട്ടെന്നു പറഞ്ഞു—ദയവുണ്ടാകുകയില്ലയോ?"എന്ന്. ഞാൻ ഉദാസീനനായി ഉണ്ടുകൊണ്ടിരുന്നു. വീണ്ടും അവൾ ചോദിച്ചു—"എന്താ! കേൾക്കക്കൂടിച്ചെയ്യാത്തതു്?" ഞാൻ ചോദിച്ചു, "നിനക്കു് ഏതൊരു ഭാവമാണ്?" അവർ പറഞ്ഞു—"മധുരഭാവം". ഞാൻ പറഞ്ഞു—"എനിക്കെല്ലാം മാതൃയോനിയാണ്. എനിക്കെല്ലാസ്ത്രീകളും അമ്മമാരത്രേ!" അതിനവർ—'അതു ഞാൻ അറിഞ്ഞില്ല' എന്നു മറുപടി പറഞ്ഞു. അപ്പോൾ ഞാൻ രാമലാലനെ വിളിച്ചു പറഞ്ഞു—"അവരെന്താണു പിറുപിറുക്കുന്നതെന്നു നോക്കൂ!" അവൎക്കിപ്പോഴും അതേഭാവംതന്നെയാണ്.

ഗിരിശൻ:—ആ ഭ്രാന്തി ധന്യയാകുന്നു! അവർ ഭ്രാന്തിയായിരിക്കട്ടെ, ഭക്തന്മാരുടെ കൈകൊണ്ട് തല്ലുമേടിച്ചുകൊള്ളട്ടെ; അവിടുത്തെയല്ലേ അവർ സൎവ്വനേരവും ചിന്തിക്കുന്നതു്! അവൎക്കു ഏതു ഭാവമെങ്കിലുമായിക്കൊള്ളട്ടെ. അതൊരിക്കലും ചീത്തയല്ലതന്നെ.

ഭഗവൻ! എന്തു പറയട്ടെ! അവിടത്തെ ചിന്തിച്ചുചിന്തിച്ചു, എങ്ങനെയിരുന്ന ഈ ഞാൻ എങ്ങനെയായിരിക്കുന്നു? മുൻപ് ആലസ്യമുണ്ടായിരുന്നു, ഇപ്പോൾ ആ ആലസ്യം, ഈശ്വരനിൽ അൎപ്പിതമായിരിക്കുന്നു. പാപമുണ്ടായിരുന്നു, അതിപ്പോൾ നിരഹങ്കാരമായി മാറിയിരിക്കുന്നു. ഇനിയെന്തു പറയണം!

ഭക്തന്മാർ മിണ്ടാതിരിക്കുന്നു. രാഖാൽ ഭ്രാന്തിയുടെ കഥ പറഞ്ഞു് ഉദ്വിഗ്നനായിരിക്കുന്നു. പറയുന്നു—'അവൾ വളരെ ശല്യപ്പെടുത്തി. അതുകൊണ്ട് അവൾ വളരെ ഉപദ്രവങ്ങൾ ഏൽക്കേണ്ടിവന്നുവല്ലോ എന്നു കഷ്ടം തോന്നുന്നു!'

നിരഞ്ജനൻ:—(രാഖാലനോട്) നിനക്കു ഭാൎയ്യയുണ്ട്. അതാണ് നിനക്കുവളിലനുഭാവം തോന്നിയതു്. ഞങ്ങൾ അവളെ 'കുരുതി' കഴിക്കും.

രാഖാൽ:—(കോപത്തോടെ) എന്തു ചമൽക്കാരമെന്നുവെച്ചാണിപ്പറഞ്ഞതു്? ഇവിടത്തെ സന്നിധിയിലോ, ഇത്തരം വാക്കുകൾ?

ശ്രീരാമകൃഷ്ണദേവൻ:—(ഗിരിശനോട്) കാമിനികാഞ്ചനമാകുന്നു, സംസാരം. പലരും പണത്തെ ശരീരത്തിലെ രക്തമായിക്കരുതുന്നു. എന്നാൽ നാം എത്രയൊക്കെ സൂക്ഷിച്ചാലും, ഒരിക്കൽ, അതു് ആസകലം പൊയ്പ്പോകുന്നു.

ഞങ്ങളുടെ ദേശത്തു് വയലിൽ വരമ്പുകുത്താറുണ്ടു്. വെള്ളം അടച്ചുകെട്ടി നിറുത്തി വരമ്പുകെട്ടിയാൽ, വരമ്പു പിളൎന്നുകൊണ്ടു് വെള്ളം ആകെ വാൎന്നുപോകും. എന്നാൽ അടച്ചുകെട്ടിനിറുത്താതെ, ഒരു വശം അല്പം തുറന്നു്, ചെറിയ ചാലുപിടിച്ചു്, കുറെ പുല്ലോ പച്ചിലയോ പുരമേ വെച്ചേച്ചാൽ പൊട്ടിയൊലിച്ചാകെ നശിക്കുകയില്ല.

ആർ പണത്തെ സദ്വിനിയോഗംചെയ്യുന്നുവോ, ഭഗവത്സേവയ്ക്കും സാധു ഭക്തന്മാൎക്കും, നല്ല കാൎയ്യങ്ങൾക്കും ആയി ചെലവാക്കുന്നുവോ, അവൎക്കേ ഫലമുള്ളു. അവൎക്കേ വൎദ്ധനയുള്ളു.

എനിക്കു ഡാക്ടർമാരുടെയും വൈദ്യന്മാരുടെയും സാധനങ്ങൾ ഭക്ഷിക്കാൻ വയ്യാ. ആർ ജനങ്ങളെ കഷ്ടപ്പെടുത്തി പണം സമ്പാദിക്കുന്നുവോ, അവരുടെ ധനം ചോരക്കട്ടയാണ്.

ഇത്രയും പറഞ്ഞിട്ടു ഭഗവാൻ ഒന്നുരണ്ടു ചികിത്സകന്മാരുടെ പേരെടുത്തു പറഞ്ഞു.

ഗിരിശൻ:—രാജേന്ദ്രദത്തന്റെ മനസ്സ് അത്യുദാരമാണ്. ആരുടെ അടുക്കൽനിന്നും ഒരു പൈസപോലും മേടിക്കുകയില്ല. അദ്ദേഹത്തിന്റെ ദാനവും ധ്യാനവും മറവുമുണ്ടു്.

രണ്ടാം ഭാഗം—ഇരുപത്തേഴാം ഖണ്ഡം.

## അദ്ധ്യായം ൫.

[പ്രവൃത്തിയോ നിവൃത്തിയോ? ഹീരാനന്ദന് ഉപദേശം-നിവൃത്തി നന്ന്]

ഹീരാനന്ദൻ ഭഗവാന്റെ കാലു തടവുന്നു. അടുത്തു് മാസ്റ്റർ ഇരിക്കുന്നുണ്ടു്. ലാട്ടുവും ഒന്നുരണ്ടു ഭക്തന്മാരും മുറിയിൽ ഇടക്കിടെ വന്നുകൊണ്ടിരിക്കുന്നു. ഏപ്രിൽ ൩൩ ക്രി. വ. ൧൮൮൬. വെള്ളിയാഴ്ച. "ഗുഡ് ഫ്രൈഡേ"യാണ്. മണി ഉച്ചയ്ക്കു ഒന്നായിരിക്കും. ഹീരാനന്ദൻ ഇവിടെയാണ് ഇന്ന് ഊണുകഴിച്ചതു്. ഭഗവാന്റെ ഏകാന്തമായ അഭിലാഷം, ഹീരാനന്ദൻ ഇവിടെത്തന്നെയിരിക്കണമെന്നാണ്.

---

അദ്ധ്യായം ൧ മുതൽ ൪ വരെ ൧൪-ാം വാല്യം ൧൦-ാം ലക്കത്തിൽ (പുറം ൩൨൧—൩൩൦ വരെ) വന്നിട്ടുള്ളതുകൊണ്ടു് ഇവിടെ വിട്ടിരിക്കുന്നു.

ഹീരാനന്ദൻ ഭഗവാൻെറ പാദങ്ങൾ തലോടിക്കൊണ്ടുതന്നെ ഭഗവാനോടു വത്തമാനം പറയുന്നു. മധുരമയമായ വത്തമാനം! മുഖത്തിൽ ത്തുമന്ദഹാസം! ഒരു ബാലനോടു സംസാരിക്കുന്നതുപോലെ ഹീരാനന്ദൻ ഭഗവാനെ ഓരോന്നു പറഞ്ഞറിയിക്കുന്നു. ഭഗവാൻ അസ്വാസ്ഥനായിരിക്കുന്നു. ഡാക്കർ എപ്പോഴും നോക്കുന്നുണ്ടു്.

ഹീരാനന്ദൻ:—എന്തിനു വിചാരപ്പെടുന്നു? ഡാക്കരിൽ വിശ്വസിച്ചു നിശ്ചിന്തനായിരിക്കുക. അവിടുന്നു ബാലകനല്ലേ!

ശ്രീരാമകൃഷ്ണദേവൻ:—(മാസ്റ്ററോടു്) ഡാക്കരിലെങ്ങനെ വിശ്വാസം വരും? ഡാക്കർ സക്കാർ പറഞ്ഞുകഴിഞ്ഞു—മാറുകയില്ലെന്നു്.

ഹീരാനന്ദൻ:—അതിനു ഇത്രയുമൊക്കെ ചിന്തിക്കണോ? വരുന്നതു വരും.

മാസ്റ്റർ:—(ഹീരാനന്ദനോടു, രഹസ്യമായി) ഇദ്ദേഹം തനിക്കായിട്ടല്ല ചിന്തിക്കുന്നതു്. അവിടത്തെ ശരീരരക്ഷ ഭക്തന്മാക്കുവേണ്ടിയാണു്.

കൊടുംവേനൽ. നട്ടുച്ചസമയം. ജനൽപ്പട്ടതാമടക്കിയിട്ടിരിക്കുന്നു. ഹീരാനന്ദൻ എണീററു പട്ടതാനല്ലപോലെ വിരിച്ചു തൂക്കിയിട്ടു. ഭഗവാൻ നോക്കിക്കൊണ്ടിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ഹീരാനന്ദനോടു്) പറഞ്ഞ "കാൽശരായി" അയച്ചുതരണേ!

ഹീരാനന്ദൻ, തൻെറ നാട്ടിലെ "കാൽശരായി" ധരിച്ചാൽ ഭഗവാൻെറ സുഖക്കേടു ഭേദമാകുമെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഭഗവാൻ അതയയ്ക്കുന്നതിനു ഓമ്മിപ്പിക്കുകയാണു്.

ഹീരാനന്ദൻെറ ഊണു സുഖമായില്ല. ചോറിൽ ഒതുക്കരിയുണ്ടായിരുന്നു. ഭഗവാൻ ഇതറിഞ്ഞു അത്യന്തം വ്യസനിച്ചു. പിന്നെയും പിന്നെയും അയാളോടു—"പലഹാരം വല്ലതും കഴിക്കുന്നോ?" എന്നു ചോദിച്ചു. വത്തമാനം പറയാൻ വയ്യാത്തവിധം അത്ര സുഖക്കേടുണ്ടെങ്കിലും വീണ്ടും വീണ്ടും അതു ചോദിക്കുന്നു.

അനന്തരം ലാട്ടുവോടു ഭഗവാൻ, നിങ്ങളും ആ ചോറല്ലേ ഉണ്ടതു്? എന്നു ചോദിച്ചു.

ഭഗവാനു് അരയിൽ മുണ്ടു് ഉറയ്ക്കുന്നില്ല. മിക്കവാറും ബാലനെപ്പോലെ ദിഗംബരനായിട്ടാണിരിപ്പു്. ഹീരാനന്ദൻെറകൂടെ രണ്ടു ബ്രഹ്മസമാജഭക്തന്മാർ വന്നിട്ടുണ്ടു്. അതുകൊണ്ടു് ഭഗവാൻ കൂടെക്കൂടെ മുണ്ടു് അരയുടെ അടുക്കലേയ്ക്കു വലിച്ചുവെച്ചുകൊള്ളുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ഹീരാനന്ദനോട്)മുണ്ട് അഴിഞ്ഞുപോയാൽ നിങ്ങളൊക്കെ അസഭ്യനെന്നു പറയുകയില്ലേ?

ഹീരാനന്ദൻ:—അവിടത്തേക്കെന്തു്? അങ്ങു ബാലകൻ.

ശ്രീരാമകൃഷ്ണദേവൻ:—(പ്രിയനാഥനെന്ന ഒരു ബ്രാഹ്മഭക്തനെ വിരലുചൂണ്ടി കാണിച്ചുകൊണ്ടു്) ഇദ്ദേഹം പറയും.

ഹീരാനന്ദൻ യാത്രചോദിക്കാൻ പോകുന്നു. അദ്ദേഹം ഒന്നുരണ്ടു ദിവസം കൽക്കത്തയിൽ താമസിച്ചിട്ട് സിന്ധുദേശത്തേയ്ക്കു പോകുന്നു. അവിടെ അദ്ദേഹത്തിൻ ജോലികളുണ്ട്. അവിടത്തെ രണ്ടു പത്രങ്ങളുടെ നടത്തിപ്പു ഇദ്ദേഹത്തിനാണ്. ൧൮൮൪ മുതൽ നാലുകൊല്ലംകൊണ്ടു ഇതു നടത്തിവരുന്നു. വർത്തമാനപ്പത്രങ്ങളുടെ പേരു, ഒന്നു "സിൻഡ് ടൈംസ്", മറ്റൊന്നു "സിന്ധു സുധാർ". ഹീരാനന്ദൻ ൧൮൭൮-ൽ ബി. ഏ. ജയിച്ചു.

ഹീരാനന്ദൻ സിന്ധുദേശക്കാരനാണ്. കൽക്കത്തയിൽ പഠിച്ചിരുന്നു. ശ്രീ കേശവചന്ദ്രസേനനെ സദാ കാണുകയും സംഭാഷണംചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. ഭഗവാൻ ശ്രീരാമകൃഷ്ണദേവനെ കാളീക്ഷേത്രത്തിൽ ച്ചെന്നു കൂടെക്കൂടെ ദർശിക്കാറുണ്ട്.

ശ്രീരാമകൃഷ്ണദേവൻ:—(ഹീരാനന്ദനോട്) അങ്ങോട്ടു പോയില്ലെങ്കിലെന്താണ്?

ഹീരാനന്ദൻ (ചിരിച്ചിട്ട്):—ഓ! അവിടെ മററാരുമില്ല. മററുള്ളവരൊക്കെ സക്കാർ ഉദ്യോഗത്തിലാണ്.

ശ്രീരാമകൃഷ്ണദേവൻ:—എന്തു ശമ്പളമുണ്ട്?

ഹീരാനന്ദൻ:—(ചിരിച്ചുകൊണ്ട്) ഈ ജോലിക്കൊക്കെ ശമ്പളം കുറവാണ്.

ശ്രീരാമകൃഷ്ണദേവൻ:—എത്ര?

ഹീരാനന്ദൻ ചിരിച്ചതേയുള്ളു. ഭഗവാൻ വീണ്ടും പറയുന്നു.

ശ്രീരാമകൃഷ്ണദേവൻ:—ഇവിടെത്തന്നെ ഇരിക്കരുതോ?

ഹീരാനന്ദൻ മിണ്ടാതിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—"കർമ്മം"കൊണ്ടെന്തുഫലം?

ഹീരാനന്ദൻ മിണ്ടാതിരിക്കുന്നു. ഹീരാനന്ദൻ കുറേക്കൂടി വർത്തമാനം പറഞ്ഞിരുന്നിട്ടു യാത്ര ചോദിച്ചു.

ശ്രീരാമകൃഷ്ണദേവൻ:—എന്നു വരും?

ഹീരാനന്ദൻ:—മറെറന്നാൾ കഴിഞ്ഞു തിങ്കളാഴ്ച നാട്ടിലേയ്ക്കു പോകണം. തിങ്കളാഴ്ച അതിരാവിലെവന്നു കണ്ടുകൊള്ളാം.

# അദ്ധ്യായം ൯

മാസ്റ്റർ ഭഗവാന്റെ അടുക്കൽ ഇരിക്കുന്നു. ഹീരാനന്ദൻ ഇപ്പോൾ പോയതേ ഉള്ളൂ.

ശ്രീരാമകൃഷ്ണദേവൻ:—(മാസ്റ്ററോട്) വളരെ നല്ലയാൾ! ഇല്ലേ?

മാസ്റ്റർ:—ഉവ്വ്! സ്വഭാവം അതിമനോഹരം!

ശ്രീരാമകൃഷ്ണദേവൻ:—പറഞ്ഞു, ൨൨൦൦ മൈൽ അകലമുണ്ടെന്ന്. ഇത്ര ദൂരെ നിന്നും കാണാൻ വന്നിരിക്കുന്നു!

മാസ്റ്റർ:—ഉവ്വ്! അതിസ്നേഹമില്ലെങ്കിൽ ഇങ്ങനെ വരികയില്ല.

ശ്രീരാമകൃഷ്ണദേവൻ:—എന്നെ അയാളുടെ ദേശത്തേയ്ക്കു കൂട്ടിക്കൊണ്ടുപോകണമെന്ന് അയാൾക്കു വളരെ ആശയുണ്ട്.

മാസ്റ്റർ:—പോകാൻ വലിയ ബുദ്ധിമുട്ടാണ്. നാലഞ്ചുദിവസം റെയിലിൽ ഇരിക്കണം.

ശ്രീരാമകൃഷ്ണദേവൻ:—ബി. ഏ. ജയിച്ചിട്ടുണ്ട്.

മാസ്റ്റർ:—ഉവ്വ്!

ഭഗവാൻ അല്പം ക്ഷീണിച്ചതുകൊണ്ട് കുറെ വിശ്രമിക്കണം.

ശ്രീരാമകൃഷ്ണദേവൻ:—(മാസ്റ്ററോട്) ജനല്തുറക്കൂ! പായൊന്നു വിരിച്ചുതരൂ!

വലിയ ചൂടുകൊണ്ട് ജനല്തുറന്നിടുവാനും കിടക്കയിൽ പാ വിരിക്കാനും പറകയാണ്.

മാസ്റ്റർ:—കുറെ വീശി. ഭഗവാൻ അല്പം മയങ്ങി.

ശ്രീരാമകൃഷ്ണദേവൻ:—(അല്പനിദ്രയ്ക്കുശേഷം മാസ്റ്ററോട്) ഉറക്കമെങ്ങനെയിരിക്കുന്നു?

മാസ്റ്റർ:—അല്പം!

നരേന്ദ്രൻ, ശരത്ത്, മാസ്റ്റർ എന്നിവർ താഴത്തെ ഹാളിന്റെ കിഴക്കുവശത്തിരുന്നു വർത്തമാനം പറയുന്നു.

നരേന്ദ്രൻ:—എന്തൊരാശ്ചര്യം! ഇത്ര വർഷം പഠിച്ചിട്ടും വിദ്യയുണ്ടായില്ലല്ലോ! "രണ്ടുമൂന്നുദിവസം സാധനചെയ്തിട്ടുണ്ട്, ഭഗവല്ലാഭം ഉണ്ടാകുമോ" എന്നു ആളുകൾ ചോദിക്കുന്നു! ഭഗവല്ലാഭം അത്ര എളുപ്പമാണോ? (ശരത്തിനോട്) നിനക്കു ശാന്തി കിട്ടിക്കഴിഞ്ഞു. മാസ്റ്റർക്കും ശാന്തി ലഭിച്ചിട്ടുണ്ട്. എന്നാൽ എനിക്കില്ല.

# അദ്ധ്യായം ൧൦.

(ശ്രീരാമകൃഷ്ണദേവനും നരേന്ദ്രാദി ഭക്തന്മാരും ആയുള്ള സംഘം)

വൈകുന്നേരമായി. മേലത്തെ ഹാളിൽ അനേകം ഭക്തന്മാർ ഇരിക്കുന്നു. നരേന്ദ്രൻ, ശരത്ത്, ശശി, ലാട്ടു, നിത്യഗോപാലൻ, കേദാരൻ, ഗിരീശൻ, രാമചന്ദ്രദത്തൻ, മാസ്റ്റർ എന്നിവരും സുരേശൻ മുതലായവരുംഉണ്ട്.

എല്ലാവരുക്കും മുൻപിലായി നിത്യഗോപാലൻ വന്നു. ഭഗവാനെക്കണ്ടയുടനെതന്നെ അദ്ദേഹത്തിന്റെ പാദങ്ങളിൽ തലചേർത്തു നമസ്കരിച്ചു. ഇരുന്നതിൽപ്പിന്നിട്ട് നിത്യഗോപാലൻ ബാലകനെന്നപോലെ "കേദാരബാബു വന്നിട്ടുണ്ട്" എന്നു പറയുന്നു.

കേദാരൻ വളരെനാളിൻ മുൻപ് ഭഗവാനെക്കാണ്മാൻ വന്നിരുന്നു. അദ്ദേഹം കുടുംബകാര്യമായി ഡാക്കായിലായിരുന്നു. അവിടെവെച്ച് ഭഗവാന്റെ സുഖക്കേടിനെപ്പററി കേട്ട് വന്നിരിക്കുന്നു. കേദാരൻ മുറിയിൽ കടന്നപ്പോൾ ഭക്തന്മാരുമായി ഭഗവാൻ സംഭാഷണംചെയ്യുന്നതു കണ്ടു.

കേദാരൻ ഭഗവാന്റെ പാദധൂളി ശിരസ്സിലണിഞ്ഞിട്ട് ആനന്ദത്തോടെ ആ ധൂളിയെടുത്ത് എല്ലാവരുക്കും വിതരണംചെയ്യുന്നു. ഭക്തന്മാർ തലകുനിഞ്ഞു ആ ധൂളിയേൽക്കുന്നു. ശരത്തിനു കൊടുക്കാൻ പോയപ്പോൾ ശരത്ത് താൻതന്നെ ചെന്ന് ഭഗവാന്റെ പദധൂളിയെടുത്തു. മാസ്റ്റർ ചിരിക്കുന്നു. ഭഗവാനും മാസ്റ്ററെനോക്കി ചിരിച്ചു. ഭക്തന്മാർ നിശ്ശബ്ദമായിരിക്കുന്നു. ഭഗവാന് ഭാവലക്ഷണംവരുന്നു. അവിടുന്നു ക്രൂടെക്കൂടെ നെടുവീർപ്പിട്ട് ഭാവത്തെ സംവരണംചെയ്യുന്നു. ഒടുവിൽ കേദാരനോടു ആംഗ്യം കാണിക്കുന്നു, ഗിരിശനുമായി തർക്കംചെയ്യാൻ. ഗിരിശൻ പറയുന്നു—ഭഗവൻ! ആദ്യകാലത്തു തർക്കിച്ചുകൊണ്ടിരുന്നു, അവിടുന്ന് ആരെന്നറിയാതെ. അന്നത്തെക്കാര്യം വേറെ. (ഭഗവാൻ ചിരിക്കുന്നു)

ശ്രീരാമകൃഷ്ണദേവൻ നരേന്ദ്രനോടു വിരലുകൊണ്ട് കേദാരനെ ചൂണ്ടിക്കാണിച്ചിട്ട് പറയുന്നു:—സകലതും ത്യജിച്ചു. (ഭക്തന്മാരോട്) കേദാരൻ നരേന്ദ്രനോടു പറഞ്ഞിരുന്നു—ഇപ്പോൾ വാദവും വഴക്കും നടത്തിക്കൊള്ളൂ! ഒടുവിൽ ഹരിനാമം പറഞ്ഞുപറഞ്ഞു ഉരുളേണ്ടിവരും, എന്ന്. (നരേന്ദ്രനോട്) കേദാരന്റെ പാദധൂളിയെടുക്കൂ!

കേദാരൻ:—(നരേന്ദ്രനോട്) അദ്ദേഹത്തിന്റെ പാദധൂളി എടുക്കുക. അതു മതി.

സുരേന്ദ്രൻ ഭക്തന്മാരുടെ പുറകിലിരിക്കുന്നു. ഭഗവാൻ ശ്രീരാമകൃഷ്ണദേവൻ അല്പം ചിരിച്ചുകൊണ്ട് അയാളുടെ നേരെ നോക്കി. കേദാരനോടു പറഞ്ഞു—ഹാ! എന്തുമാതിരി സ്വഭാവം!—കേദാരൻ ഭഗവാന്റെ ആശയമറിഞ്ഞു സുരേന്ദ്രന്റെ അടുത്തുചെന്ന് ഇരുന്നു. സുരേന്ദ്രൻ ആളല്പം അഭിമാനിയാണ്. ഭക്തന്മാർ, മററ ചിലരുടെ അടുക്കൽ പോയി കാശിപുരോദ്യാനത്തിലെ ചെലവിനുവേണ്ടി പണം വാങ്ങുന്നുണ്ട്. അതുകൊണ്ട് സുരേന്ദ്രനു പരിഭവം. സുരേന്ദ്രനാണ് അവിടുത്തെച്ചെലവിൽ ഏറിയ ഭാഗവും വഹിക്കുന്നത്.

സുരേന്ദ്രൻ:—(കേദാരനോട്) ഇത്ര സാധുജനങ്ങളുടെഇടയിൽ ഞാൻ ഇരിക്കാമോ? പിന്നെ ചിലർ (നരേന്ദ്രാദികൾ) കുറേനാളായി സന്ന്യാസിമാ

രായി ബുദ്ധഗയയുമൊക്കെ ദശിച്ച് വന്നിരിക്കുന്നു, എത്രയോ വലിയ വലിയ സാധുക്കളെ കണ്ടിരിക്കുന്നു!

ശ്രീരാമകൃഷ്ണദേവൻ സുരേന്ദ്രനെ സമാധാനിപ്പിക്കുന്നു—"ഓ! അവർ കുട്ടികളല്ലേ? വേണ്ടപോലെ അറിഞ്ഞുകൂടാ!"

സുരേന്ദ്രൻ:—(കേദാരനോട്) ഗുരുദേവന് അറിഞ്ഞുകൂടയോ ഇന്നാക്കിന്ന ഭാവമെന്ന്? അദ്ദേഹം പണംകൊണ്ടു സന്തോഷിക്കുന്നില്ല, ഭാവം കൊണ്ടു സന്തോഷിക്കുന്നു.

ഭഗവാൻ തലയാട്ടി സുരേന്ദ്രൻ പറഞ്ഞതു ശരിവെയ്ക്കുന്നു. "ഭാവം കൊണ്ടു സന്തോഷിക്കുന്നു." എന്ന വാക്യംകേട്ടു കേദാരനും സന്തോഷം പ്രകാശിപ്പിച്ചു.

ഭക്തന്മാർ ഭക്ഷ്യപദാർത്ഥങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഭഗവാൻെറ മുൻപേ വെച്ചിരിക്കുന്നു. ഭഗവാൻ അല്പാല്പം ഓരോന്നും നാക്കിൽ നുള്ളിയിട്ടു. സുരേന്ദ്രൻെറ കൈയിൽ പ്രസാദം നൽകിയിട്ട് മററെല്ലാവക്കും കൊടുക്കുന്നതിനു പറഞ്ഞു.

സുരേന്ദ്രൻ താഴത്തേയ്ക്കു പോയി; താഴെ പ്രസാദം കൊടുപ്പാൻ.

ശ്രീരാമകൃഷ്ണദേവൻ:—(കേദാരനോട്) നിങ്ങളും താഴത്തേയ്ക്കു പോകുക.

മണി വീശുന്നു. ഭഗവാൻ, "നിനക്കു കഴിക്കണ്ടേ" എന്നു പറഞ്ഞിട്ട് അയാളെയും പ്രസാദം കഴിക്കാൻ താഴത്തേയ്ക്കു അയച്ചു.

സന്ധ്യയായിവരുന്നു. ഗിരിശനും മാസ്റ്ററും പുഷ്കരണീതീരത്തിൽ ചുററിനടക്കുന്നു.

ഗിരിശൻ:—ഹേ! നിങ്ങൾ ഭഗവാനെപ്പററി എന്തോ എഴുതുന്നുവെന്നു കേട്ടല്ലോ!

മാസ്റ്റർ:—ആരു പറഞ്ഞു?

ഗിരിശൻ:—ഞാൻ കേട്ടു. എനിക്കൊന്നു തരുമോ?

മാസ്റ്റർ:—ഇല്ല. എനിക്കുതന്നെ മനസ്സിലാകാതെ മററാരാൾക്കു തരുന്നതെങ്ങനെ?—അതു ഞാൻ എനിക്കുവേണ്ടി എഴുതിയതാണ്. മററുള്ളവക്കല്ല.

ഗിരിശൻ:—അതെന്ത്?

മാസ്റ്റർ:—എൻെറ ദേഹത്യാഗസമയം അതു കിട്ടും.

സന്ധ്യയായി. ഭഗവാൻെറ മുറിയിൽ വിളക്കുകത്തിച്ചു. ബ്രഹ്മസമാജഭക്തൻ ശ്രീമാൻ അമൃതലാലവസു കാണാൻ വന്നിരിക്കുന്നു. ഭഗവാൻ അയാളെക്കാണാൻ കൊതിച്ചിരുന്നു. മാസ്റ്ററും മൂന്നുനാലു ഭക്തന്മാരും ഇരിക്കുന്നു. ഭഗവാൻെറ മുന്നിൽ ഒരു വാഴയിലയിൽ വിലപദള

ങ്ങളും, പുഷ്പങ്ങളും, തുളസിയുംകൊണ്ടുള്ള മാലയിരിക്കുന്നു. മുറി നിശ്ശബ്ദമായിരിക്കുന്നു. ഒരു മഹായോഗി നിശ്ശബ്ദമായി യോഗനിഷ്ഠയിലിരിക്കുന്നതുപോലെ കാണുന്നു. ഭഗവാൻ മാലയെടുത്തു് ഇടയ്ക്കിടെ ഉയർത്തി നോക്കുന്നു; കഴുത്തിലണിവാനെന്നപോലെ.

അമൃതൻ:—(സ്നേഹപൂർണ്ണസ്വരത്തിൽ) മാല അണിയിക്കട്ടെ?

മാല ചാർത്തിക്കൊണ്ടു് ഭഗവാൻ അമൃതനുമായി പല വർത്തമാനവും പറഞ്ഞു. അമൃതൻ യാത്ര ചോദിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—വീണ്ടും വരു.

അമൃതൻ:—വരാൻ ആഗ്രഹമുണ്ടു്. വളരെ ദൂരെനിന്നു വരേണ്ടിയിരിക്കുന്നു. അതുകൊണ്ടു് മിക്ക സമയവും സാധിക്കുന്നില്ല.

ശ്രീരാമകൃഷ്ണദേവൻ:—ആട്ടെ!—വണ്ടി വാടക ഇവിടെനിന്നും വാങ്ങിക്കൊണ്ടുപോകു.

അമൃതനോടു ഭഗവാനുള്ള അഹേതുകസ്നേഹംകണ്ടു് സകലരും വിസ്മയിക്കുന്നു.

അടുത്ത ദിവസം ശനിയാഴ്ച. തീയതി ഏപ്രിൽ ൨൮. ഒരു ഭക്തൻ വന്നിരിക്കുന്നു. കൂടെ ഭാര്യയും ഏഴു വയസ്സായ ഒരു കുട്ടിയും ഉണ്ടു്. എട്ടു വയസ്സുള്ള ഒരു കുട്ടി മരിച്ചിട്ടു് ഒരു വർഷമായി. അന്നുതൊട്ടു ഭാര്യ ഭ്രാന്തിയെപ്പോലെ ആയിത്തീർന്നിരിക്കുന്നു. അതുകൊണ്ടു്, ഭഗവാൻ അവരെ ഇടയ്ക്കിടെ വരണമെന്നു പറഞ്ഞു.

രാത്രി ശ്രീശ്രീമാതൃദേവി മേലത്തെ ഹാളിൽ ഭഗവാനു് ഊണുകൊണ്ടുവന്നു. ഭക്തന്റെ ഭാര്യ വിളക്കുമെടുത്തു—കൂടെ വന്നു. ഉണ്ടുംകൊണ്ടുതന്നെ ഭഗവാൻ അവരുടെ ഗൃഹകാര്യങ്ങളെപ്പററി പലതും ചോദിച്ചു. കുറെദിവസം ഈ ഉദ്യാനഭവനത്തിൽവന്നു ശ്രീ ശ്രീമാതൃദേവിയൊന്നിച്ചു താമസിപ്പാൻ പറഞ്ഞു. അങ്ങനെയായാൽ ശോകത്തിനു ഏതാണ്ടു ശമനം വരാം. അവർക്കു് ഒരു കൈക്കുഞ്ഞുമുണ്ടു്, പെൺകുട്ടി. ശ്രീ ശ്രീമാതൃദേവി പിന്നീടു് ആ കുട്ടിയെ "മാനമയി" എന്നു വിളിക്കാറുണ്ടായിരുന്നു. ഭഗവാൻ, ആ കുട്ടിയേയും കൊണ്ടുവരണമെന്നു പറഞ്ഞു.

ഭഗവാന്റെ ഊണിനുശേഷം ആ ഭക്തപത്നിതന്നെ ഇലയെടുത്തുകളഞ്ഞു തറ തളിച്ചു വെടിപ്പാക്കി. ഭഗവാനുമായി കുറേനേരം വർത്തമാനത്തിനുശേഷം, മാതൃദേവി താഴോട്ടു പോകുമ്പോൾ ആ സ്ത്രീയും ഭഗവാനെ നമസ്കരിച്ചിട്ടു് കൂടെപ്പോയി.

രാത്രി ഒൻപതു മണിയായി. ഭഗവാൻ ഭക്തന്മാരുമായി മുറിയിലിരിക്കുന്നു. പൂമാല അണിഞ്ഞിട്ടുണ്ടു്. മണി വീശുന്നു.

ഭഗവാൻ മാല കഴുത്തിൽനിന്നൂരി കൈയിലെടുത്തു എന്തോ മനസ്സിൽ വിചാരിച്ചു. തദനന്തരം പ്രസന്നനായി മണിക്കു മാലകൊടുത്തു.

ശോകസന്തപ്തയായ ഭക്തൻെറ പത്നിയെ, ഭഗവാൻ, ശ്രീ ശ്രീമാതൃദേവിയുടെകൂടെ ആ ഉദ്യാനഭവനത്തിൽ കുറേനാൾ താമസിക്കാൻ പറഞ്ഞതുമൊക്കെ മണി കേട്ടു.

# തിരുവായ്മൊഴി രണ്ടാം ഭാഗം അവസാനിച്ചു.

## ശ്രീരാമകൃഷ്ണൻെറ ധർമ്മസമന്വയം.

ഭാരതം ധർമ്മക്ഷേത്രമാണ്. ധർമ്മംതന്നെയാണ് ഈ ദേശത്തിൻെറ പ്രാണൻ. ഈ ദേശത്തിലെ ഓരോ അണുപരമാണുക്കളിലും ധർമ്മത്തിൻെറ ഉച്ഛേദ്യമായ സംബന്ധം ഉണ്ട്. വിഷയവാസനാരഹിതന്മാരും ബ്രഹ്മതേജസ്സമ്പന്നന്മാരുമായ ഈ ദേശത്തിലെ മഹർഷിപുംഗവന്മാരുടെ കഠിനതപസ്സുകൊണ്ടുണ്ടായ പുണ്യപ്രഭാവത്താൽ ഇവിടുത്തെ ധർമ്മഗ്രന്ഥങ്ങൾ വിരചിക്കപ്പെട്ടിരിക്കുന്നു. ശ്രീകൃഷ്ണൻ, ബുദ്ധൻ, ശ്രീചൈതന്യൻ, ശ്രീരാമകൃഷ്ണൻ തുടങ്ങിയുള്ള അവതാരപുരുഷന്മാർ ഇവിടെ ആവിർഭവിച്ച് ധർമ്മസംസ്കാരം ചെയ്തിരിക്കുന്നു. എന്നാൽ, ശ്രീരാമകൃഷ്ണൻെറ അവതാരത്തിൽ ഒരു വൈശിഷ്ട്യമുണ്ട്.

ഏതേതു മഹാപുരുഷന്മാർ ലോകത്തിലവതരിച്ച് ധർമ്മത്തെ പ്രചരിപ്പിച്ചു, അവരെല്ലാം അവരവരുടെ മതത്തെ പ്രാബല്യത്തിൽ വരുത്തുന്നതിന് വളരെ യത്നിച്ചിട്ടുണ്ട്. മാത്രമല്ല ഇതരമതങ്ങളേക്കുറിച്ച് ശ്രദ്ധിച്ചിട്ടുപോലുമില്ല. തൽഫലമായി കാലക്രമേണ എല്ലാ മതങ്ങളും ഓരോ ചെറിയ പരിധിയ്ക്കുള്ളിൽ ബന്ധിക്കപ്പെട്ടു. കേവലം ഇതുമാത്രമല്ല, അജ്ഞതയുടെ ശക്തികൊണ്ടും സങ്കീർണ്ണതയുടെ കാലുഷ്യത്താലും സകല ധർമ്മാവലംബികളും പരസ്പരം വൈരഭാവം കയ്ക്കൊള്ളുകയും ചെയ്തു. ഇതരമതങ്ങളുടെ കഥ പോകട്ടെ. സാകാരവാദികളും നിരാകാരവാദികളുമായ ഹിന്ദുക്കളുടെ ഇടയിലും ശാക്തവൈഷ്ണവവാദികളായ ധർമ്മമാർഗ്ഗികളുടെ കൂട്ടത്തിലും ഭയങ്കരമായ വിദ്വേഷഭാവത്തിൻെറ സൂചന ഉണ്ടായി,

എവിടെ അസൂയയും വിദ്വേഷവും ഇരിക്കുന്നു, അവിടെ ധർമ്മത്തിന്റെ ശക്തി വേണ്ടവണ്ണം പ്രകാശിക്കുകയില്ല. അതുനിമിത്തം ലോകവാസികളുടെ ധാർമ്മികമായ ഈ വൈഷമ്യത്തെയും വൈരബുദ്ധിയേയും ഉന്മൂലനംചെയ്യാനായിട്ട് സകല ധർമ്മങ്ങളേയും സമന്വയംചെയ്തു ലോകത്തിലെ ധർമ്മമാഹാത്മ്യം പരിരക്ഷിക്കുന്നതിനായിട്ട് അപാരകരുണാനിധിയായ ഭഗവാൻ ശ്രീരാമകൃഷ്ണരൂപത്തിൽ പുണ്യഭൂമിയായ ഭാരതത്തിൽ അവതരിച്ചു.

അദ്ദേഹത്തിന്റെ ശ്രീപദരേണുസ്പർശത്താൽ ഭാരതഭൂമിയും ഭാരതവാസികളും ധന്യരായി. ശ്രീരാമകൃഷ്ണന്റെ അപാരകരുണയാൽ ഭാരതത്തിൽ ധർമ്മപ്രസൂനം ഭംഗിയായി വികസിച്ച് അതിന്റെ ദിവ്യപരിമളത്താൽ ലോകവാസികൾ ആകമാനം ആമുഗ്ദ്ധരാക്കപ്പെട്ടു. ഏതാനും വത്സരങ്ങൾക്കുമുമ്പ് ചിലർ ഈ രാജ്യവാസികളെ അജ്ഞന്മാരെന്നും അപരിഷ്കൃതന്മാരായ പ്രതിമ പൂജകന്മാരെന്നും പറഞ്ഞ് അവഹേളിക്കാൻ അല്പംപോലും കൂസൽകാണിച്ചില്ല; അവർ സർവ്വാത്മനാ ഹിന്ദുമതത്തിന്റെ ശ്രേഷ്ഠത്വം സ്വീകരിക്കയും പലരും ഹിന്ദുമതമവലംബിച്ച് ധന്യരാകയും ചെയ്തു.

ലോകസമക്ഷം ശ്രദ്ധാഭക്തികൾ ലഭിപ്പാനുള്ള മഹത്തായ ആദർശം പ്രകാശിപ്പിക്കുന്നതിനുവേണ്ടി ജഗദംബയുടെ അനുഗ്രഹം സിദ്ധിച്ച പരമദയാലുവായ ശ്രീരാമകൃഷ്ണൻ കാമിനികാഞ്ചനങ്ങളെ ത്യജിച്ച് വിഷയവാസനാശൂന്യനായിട്ട് കഠിനസാധനകളനുഷ്ഠിച്ചു. അദ്ദേഹം എപ്പോൾ ഏതു മതത്തിലെ സാധനകളനുഷ്ഠിച്ചു, അപ്പോൾ ഭാരതഭൂമിയുടെ എല്ലാ ഭാഗത്തുനിന്നും അതതു മതത്തിലെ സാധുക്കളായ സന്ന്യാസികൾ ദക്ഷിണേശ്വരത്തു വന്ന് അദ്ദേഹത്തെ ദർശിക്കയും അദ്ദേഹവുമായി ശാസ്ത്രചർച്ചചെയ്തു കൃതാർത്ഥരാകയും അദ്ദേഹത്തെ മഹാപുരുഷനായി സ്വീകരിക്കയും ചെയ്തിരുന്നു.

ശ്രീരാമകൃഷ്ണൻ മാതൃഭാവത്തിൽ ശക്തിമന്ത്രത്തിന്റെ സാധകനായിരുന്നെങ്കിലും അദ്ദേഹം ശൈവം, വൈഷ്ണവം, ജൈനം, സാകാരം, നിരാകാരം, മുസൽമാൻ, ക്രിസ്ത്യൻ മുതലായ എല്ലാ മതങ്ങളിലും ആന്തരമായ ശ്രദ്ധ പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹം വൈഷ്ണവന്മാരുടെ കൂട്ടത്തിൽ ചേർന്ന് വൈഷ്ണവസംഘങ്ങളിൽ പോയിരുന്നു. ഹരിനാമശ്രവണത്തിലും കീർത്തനത്തിലും അദ്ദേഹത്തിനു സമാധി ഉണ്ടാകും. അദ്ദേഹം നിരാകാരവാദികളായ ബ്രാഹ്മന്മാരോടുചേർന്ന് ബ്രഹ്മസമാജത്തിലും പോകും. ബ്രഹ്മസമാജത്തിലെ ബ്രഹ്മോപാസനത്തേക്കുറിച്ചു കേട്ട് അദ്ദേഹം ദിവ്യഭാവത്തിൽ ആമഗ്നനാകും. അദ്ദേഹം ഉച്ചസ്വരത്തിൽ സങ്കീർത്തനംചെയ്തു നൃത്തംവച്ചിട്ട് ബ്രാഹ്മന്മാരെ തന്മയരാക്കിയിരുന്നു. അദ്ദേഹത്തിന്റെ സന്നിധിയിൽനിന്ന് ഉപദേശം ഗ്രഹിച്ച് കേശവചന്ദ്രസേനൻ മുതലായ ബ്രാഹ്മന്മാർ കാളിയെ മാനിച്ചു. അമ്മാ അമ്മാ എന്നു വിളിച്ചുവിളിച്ച് അവർക്ക് പ്രേമാശ്രു ഉണ്ടായി.

ശ്രീരാമകൃഷ്ണൻ ഫക്കീരിൻെറ സന്നിധിയിൽ നിന്ന് അല്ലാമന്ത്രം ഗ്രഹിച്ച് മുസൽമാൻ രീതിയിൽ സാധനകൾ അനുഷ്ഠിച്ച് സിദ്ധി പ്രാപിച്ചു. യേശുക്രിസ്തുവിൻെറ പ്രേമപൂർണ്ണമായ ചിത്രം കണ്ട് ഭാവസിന്ധുവായ അദ്ദേഹത്തിന് ഭാവസമാധി ഉണ്ടായി. അദ്ദേഹം ദക്ഷിണേശ്വരത്തു ഏതൊരു മുറിയിൽ ഇരുന്ന് ഭക്തന്മാരോടും അന്തരംഗശിഷ്യന്മാരോടും കൂടി മാനവലീലചെയ്തു, അവിടെ ഹിന്ദുദേവീദേവന്മാരുടെ ചിത്രങ്ങളുടെ കൂട്ടത്തിൽ യേശുവിൻെറ ഒരു ചിത്രം വച്ചിട്ട് അദ്ദേഹത്തോടുള്ള ഭക്തിയെ പ്രദർശിപ്പിച്ചു. ഈ പടത്തിൽ ജലമഗ്നനായ പീററേ ഉദ്ധരിക്കുന്ന യേശുവിൻെറ രൂപം ചിത്രിതമായിരുന്നു. പരമഹംസദേവൻ ഒരു ദിവസം ഒരു പള്ളിയുടെ വാതിൽക്കൽ ചെന്ന് ജഗദംബയുടെ ക്രിസ്ത്യൻ ഭക്തന്മാരുടെ ഉപാസന ശ്രവിച്ചു.

സകല മതങ്ങളിലും സകല മതധർമ്മങ്ങളിലും തല്പരനും സമദർശിയുമായ ശ്രീരാമകൃഷ്ണദേവൻ ഭക്തന്മാർക്ക് ഉപദേശം നൾകുമ്പോൾ പറയും. "ഓരോരോ മതവും ഈശ്വരലാഭത്തിനുള്ള ഓരോ മാർഗ്ഗമാകുന്നു. ഒരു കുളത്തിന് നാലുഭാഗത്തും കടവുകൾ ഉള്ളതുപോലെ മാത്രമാകുന്നു. ഏതേതു കടവിൽ കൂടി ഇറങ്ങിയാലും ആ ഒരേ കുളത്തിൽ തന്നെ ഇറങ്ങും. ആ ഒരേ കുളത്തിലെ ജലം പാനംചെയ്യും. കാളീരൂപത്തിൽ യാതൊരാൾ ഹിന്ദു ദേവാലയത്തിൽ വിരാജിക്കുന്നു, അദ്ദേഹം ബ്രഹ്മരൂപത്തിൽ നിരാകാരവാദികളുടെ ഉപാസനാമന്ദിരത്തിൽ ഇരിക്കുന്നു, അദ്ദേഹംതന്നെ യേശുവായിട്ട് കൃസ്ത്യാനികളുടെ പള്ളികളിലും അല്ലാവായിട്ട് മുസൽമാൻമാരുടെ പള്ളികളിലും ഇരിക്കുന്നു. രുചിഭേദത്തിലും കല്യാണഭേദത്തിലും രൂപഭേദം മാത്രം. എല്ലാ മതങ്ങളിലും ശ്രദ്ധയുള്ളവനാകുക ഭഗവത്ഭക്തൻെറയും ജ്ഞാനിയുടെയും ലക്ഷണമാകുന്നു. ഒരു മതത്തെ ദ്വേഷദൃഷ്ട്യാ നോക്കുവാൻ പാടില്ല. എൻെറ മതം നല്ലതു് മററു മതങ്ങളെല്ലാം മോശം എന്നുള്ള ഭാവം പ്രകാശിപ്പിക്കുക ഹീനബുദ്ധിയുടെ സ്വഭാവമാകുന്നു".

ദയാനിധിയായ ശ്രീരാമകൃഷ്ണൻ ഇപ്രകാരം എല്ലാ മതങ്ങളിലും ശ്രദ്ധവച്ച് ലോകത്തിലെ ധർമ്മസമന്വയം ചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ മുമ്പിൽ പണ്ഡിതൻെറ പാണ്ഡിത്യവും താർക്കികൻെറ തർക്കവും പരാജയംപ്രാപിച്ചു, അവിശ്വാസികളുടെ അവിശ്വാസം ദൂരെ നീങ്ങി. പണ്ഡിതാഭിമാനികളായ പണ്ഡിതന്മാർ ഏതെല്ലാം ധർമ്മസമസ്യകളെക്കുറിച്ച് ചർച്ചചെയ്യാൻ ശക്തരായില്ല, അദ്ദേഹം സരളമായ ഭാഷയിൽ നിഷ്പ്രയാസം സമാധാനം നൾകി പണ്ഡിതന്മാരുടെ അഹങ്കാരത്തെ ശമിപ്പിച്ചു. അദ്ദേഹത്തിൻെറ കൃപയാൽ അദ്ദേഹത്തിൻെറ ഭക്തന്മാരും അന്തരംഗശിഷ്യന്മാരും ലോകത്തിൽ ഹിന്ദുമതത്തിൻെറ വിജയവൈജയന്തി പാറിയ്ക്കാൻ സമർത്ഥരായി. അതുനിമിത്തം ഇന്ന് ബേലൂർമഠം ലോകത്തിലെ തീർത്ഥസ്ഥലമായി പരിണമിച്ചു. അതുമൂലം പാശ്ചാത്യരായ ബുദ്ധിമാന്മാർ കൂട്ടം കൂട്ടമായി വന്ന് ബേലൂർമഠം ദർശിച്ച് ധന്യരാകുന്നു.

# ഭാണ്ഡദാസചരിതം.

ഭാണ്ഡദാസൻ ലൌകികകർമ്മങ്ങളിൽനിന്നും വിനിവൃത്തനാകുന്നു. ഒരു ദിവസം ആ നഗരത്തിലെ സകല വ്യവസായികളും ഒരുമിച്ച് ദൂരെ ഒരു സ്ഥലത്തേയ്ക്ക്, വ്യാപാരംചെയ്യുന്നതിനായി പുറപ്പെട്ടു. യാത്രാവസാനത്തിൽ അവർ ഒരു ദേവാലയത്തിന്റെ പ്രാന്തഃസ്ഥലത്ത് കൂടാരമടിച്ച് അവിടെ താമസമുറപ്പിച്ചു. അവരുടെ കൂടെ വൈഷ്ണവഭക്തനായ ഭാണ്ഡദാസനും വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം പതിവുപോലെ മററു വ്യാപാരികളുടെ കടകൾക്ക് സമീപംതന്നെ തന്റെ ശാലയും സ്ഥാപിച്ചു.

ആ നഗരത്തിൽ വന്നു താമസിച്ചിരുന്ന ഒരു ഹരികഥാകാരൻ അന്നേ ദിവസം രാത്രിയിൽ ഒരു സങ്കീർത്തനം നടത്തുന്നതിന് നിശ്ചയിച്ചിരുന്നു. സങ്കീർത്തനം കേൾക്കുന്നതിനും അതിൽ പങ്കുകൊള്ളുന്നതിനുമായി എല്ലാവരും വന്നുചേരണമെന്ന് നഗരമൊട്ടുക്ക് പ്രഖ്യാപനംചെയ്തിരുന്നു. ഈ വിവരമറിഞ്ഞ് ഉത്സാഹഭരിതനായിത്തീർന്ന ഭാണ്ഡദാസൻ, "ഇന്ന് സുദിനമായ ഏകാദശിയാണ്. സങ്കീർത്തനത്തിന് ഞാൻ നിശ്ചയമായും പോകും." എന്ന് സ്വയം ചിന്തിച്ചുകൊണ്ട്, സഖാക്കളായ ഇതരഭാണ്ഡവാഹകന്മാരേയും തന്റെ കൂടെ വരുന്നതിനായി ക്ഷണിച്ചു. എന്നാൽ, അവർ ആ ക്ഷണത്തെ നിരസിച്ചതേയുള്ളു.

ഭാണ്ഡ—:"അലസതയാൽ മാത്രമാണ് നിങ്ങൾ എന്റെ കൂടെ വരുന്നതിന് മടിക്കുന്നതെങ്കിൽ, നമ്മുടെ ശാലകളുടെ സമീപംതന്നെയായിരിക്കുമല്ലൊ ഉറങ്ങുന്നത്. അതിനാൽ എന്റെ ചരക്കുകളും നിങ്ങളുടെ സാമാനത്തിന്റെ കൂടെ സൂക്ഷിക്കുമല്ലൊ".

ഭാണ്ഡദാസന്റെ ഈ അപേക്ഷ അവരെ കുപിതന്മാരാക്കിത്തീർത്തു. ആ ദുഷ്ടന്മാർ സാവജ്ഞം ഇങ്ങനെ പറഞ്ഞു:—

"നിങ്ങൾ ഈശ്വരനിൽ ഏററവും ഭ്രാന്തചിത്തനും അഖണ്ഡസത്യവാദിയുമാണല്ലൊ. ഹരിഭജനത്തിനു പോകുമ്പോൾ വേണമെങ്കിൽ നിങ്ങളുടെ സാമാനങ്ങൾകൂടി കൊണ്ടുപൊയ്ക്കൊൾക. ഞങ്ങൾക്ക് അത്യന്തം ക്ഷീണമുള്ളതുകൊണ്ട് ഉറങ്ങുവാൻ ഭാവിക്കയാണ്. നിങ്ങളുടെ സാമാനങ്ങൾ സൂക്ഷിക്കുന്നതിന് യോഗ്യമായ വേറെ ഏതെങ്കിലും ഒരു സ്ഥലം അന്വേഷിച്ചുകൊള്ളു. ഇവിടെ തസ്കരന്മാർ ധാരാളമുണ്ട്. അതിനാൽ, സാമാനങ്ങൾ വല്ലവരും മോഷ്ടിക്കുന്നതായാൽ അതിനുള്ള അപവാദം ഏൾക്കുന്നതിന് ഞങ്ങൾ തയ്യാറില്ല. ഇപ്പോൾ ഈ സങ്കീർത്തനത്തിന് പോകുന്നതുകൊണ്ട് എന്തു ലാഭമാണ് മടിയിൽവന്നു വീഴാൻപോകുന്നതെന്ന് ഞങ്ങൾ അറിയുന്നില്ല."

അവരുടെ അസൂയാപരമായ ഈ ജല്പനത്തിന്, "ശരി, എന്റെ സാമാനം ഇവിടെത്തന്നെ ഇരിക്കുകയോ അഥവാ ആരെങ്കിലും അപഹരിക്കുകയോ ചെയ്തുകൊള്ളട്ടെ. (ഞാൻ അതിനെപ്പററി ഗണിക്കുന്നതേയില്ല). എന്റെ ഹൃദയം ശ്രീ പാണ്ഡുരംഗനിൽ പ്രതിഷ്ഠിതമായിരിക്കുന്നു. അദ്ദേഹത്തെ ഞാൻ ഒരിക്കലും ത്യജിക്കുകയില്ല". എന്നുമാത്രം ഉത്തരം പറഞ്ഞുകൊണ്ട് ആ വിഷ്ണുഭക്തൻ തന്റെ സാമാനങ്ങളേപ്പററി ചിന്താലേശമെന്യേ, സങ്കീർത്തനസ്ഥലത്തേയ്ക്കു തിരിച്ചു.

അനേകം സന്യാസിമാരും ഭക്തന്മാരും സങ്കീർത്തനം കേൾക്കുന്നതിനായി അവിടെ കൂടിയിരുന്നു. സംജാതഹർഷനായ ഭാനുദാസൻ കഥാകാരനെ നമസ്കരിച്ച്, "ഈ ഏകാദശിദിനം ധന്യംതന്നെ." എന്നു പറഞ്ഞു. കഥാകാരനായ വൈഷ്ണവൻ സംസാരസാഗരമഗ്നന്മാരായ മനുഷ്യർക്ക് മുക്തിദമായ രാമ, കൃഷ്ണകഥകൾ അതിമധുരവും ഭക്തിജനകവുമായ സ്വരത്തിൽ ഗാനംചെയ്തു. തനിക്ക് ഏററവും പ്രിയതമങ്ങളായിരുന്ന ആ സുമധുരകീർത്തനങ്ങളെ ഭാനുദാസൻ ബദ്ധശ്രദ്ധനായി ശ്രവിച്ചുകൊണ്ടിരുന്നു.

ഇതിനിടയിൽ, ദുർമ്മതികളായ ആ ഭാണ്ഡവാഹകന്മാർ അവരുടെ വാണിജ്യശാലയിൽ, ഭാനുദാസനോട് പ്രതികാരം ചെയ്യുന്നതിന് മാർഗ്ഗമാലോചിച്ചുകൊണ്ടിരിക്കയായിരുന്നു. ഒടുവിൽ അവർ ഇപ്രകാരം തീർച്ചയാക്കി:—"ഭാനുദാസൻ തന്റെ ചരക്കുകളെ അലക്ഷ്യമായി ഇവിടെ ഉപേക്ഷിച്ചിട്ട് സങ്കീർത്തനത്തിന് പോയിരിക്കുകയാണല്ലോ. അയാളെ വഞ്ചിക്കുന്നതിന് ഇതുതന്നെയാണ് തക്ക അവസരം. അയാളുടെ അശ്വത്തെ കെട്ടഴിച്ചു വിടുകയും വസ്ത്രഭാണ്ഡം കിടങ്ങിനകത്തെറിഞ്ഞുകളയുകയുംചെയ്യണം. അയാൾ തിരിച്ചുവന്ന് അവയേപ്പററി ചോദിക്കുന്നതായാൽ, "ഞങ്ങൾ സുഖനിദ്രാവശന്മാരായി കിടക്കുമ്പോൾ ചോരന്മാർവന്നു കൊണ്ടുപോയിരിക്കാം. ഞങ്ങൾക്കതിനേപ്പററി യാതൊരറിവുമില്ല." എന്നു പറയാം. ചരക്കുകെട്ടും കുതിരയും നഷ്ടമാകുമ്പോൾ ദുഃഖിതനായി വീട്ടിലേയ്ക്ക് അവൻ മടങ്ങിക്കൊള്ളും, പിന്നീട് ആ വസ്ത്രങ്ങൾ നമുക്ക് ഭാഗിച്ചെടുക്കുകയും ചെയ്യാം." ഇപ്രകാരം കൃതനിശ്ചയരായ ആ കുടിലമതികൾ ഭാനുദാസന്റെ കുതിരയെ അഴിച്ചു യഥേഷ്ടം സഞ്ചരിക്കുന്നതിനു വിടുകയും ചരക്കുകെട്ട് സമീപത്തുണ്ടായിരുന്ന ഗർത്തത്തിൽ നിക്ഷേപിക്കുകയും ചെയ്തു ശേഷം ഹസ്താഘാതമാകുന്ന ജയഭേരീനിനാദം മുഴക്കിക്കൊണ്ട് വീണ്ടും തങ്ങളുടെ സ്ഥാനത്ത് വന്നിരുന്നു. തങ്ങളുടെ കൃത്യത്തെ എത്രതന്നെ ശ്ലാഘിച്ചിട്ടും ആ കുടിലാഗ്രേസരന്മാർക്ക് അലംഭാവമശേഷമുണ്ടായില്ല. "ഭാനുദാസൻ നമ്മുടെ കൂടെ വ്യാപാരംചെയ്തുതുടങ്ങിയ നാൾമുതൽ അയാൾ അല്പാല്പമായി ധനം സമ്പാദിക്കുകയും, നമ്മുടെ വസ്ത്രങ്ങൾ ചിലവാകാതെ നാം ക്രമേണ ദരിദ്രന്മാരാകയുമാണുണ്ടായിട്ടുള്ളത്. ക്രേതാക്കളും മറെറ

ല്ലാവരും അവന്റെ വശാനുവൎത്തികൾതന്നെ. ഏതായാലും, ഇനി നമുക്കു ആ സംഗതിയെക്കുറിച്ചു് ഉൽക്കണ്ഠയ്ക്കവകാശമില്ലല്ലോ. "ഔഷധം ഉപയോഗിക്കാതെതന്നെ വ്രണം കരിഞ്ഞു."

എന്നിങ്ങനെ ആ ദുഷ്ടന്മാർ അന്യോന്യം പറഞ്ഞു് ആഹ്ലാദിച്ചു. ജ്യേഷ്ഠസോദരനായ ധൎമ്മാത്മജനെ ഹൃതസൎവ്വസ്വനാക്കിത്തീൎത്തപ്പോൾ, കുമതിയായ കുരുകുലാധിപൻ എന്നപോലെ, തങ്ങളുടെ സഖാവിന്റെ ദൌൎഭാഗ്യത്തിന് ഹേതുഭൂതരായിരുന്ന ആ ക്രൂരചിത്തന്മാർ ഹൃദയപൂൎവ്വം ആനന്ദിച്ചു.

തന്റെ ഭക്തനായ ഭാനുദാസന് സംഭവിച്ച ഈ അപായം കണ്ടു രുഗ്മിണീകാന്തനായ ശ്രീ ഭഗവാൻ തൽക്ഷണംതന്നെ ആ രംഗത്തേയ്ക്കു് പുറപ്പെട്ടു. ഭഗവാൻ വിചാരിച്ചു:—"ഭാനുദാസൻ നിശ്ചലചിത്തനായി കീൎത്തനം ശ്രവിച്ചുകൊണ്ടിരിക്കയാണല്ലൊ. ദുൎബ്ബുദ്ധികളായ ഇവർ ഒത്തുചേൎന്നു് അയാളുടെ സാമാനങ്ങൾ എല്ലാം അതാ ആ കിടങ്ങിൽ വലിച്ചെറിഞ്ഞിരിക്കുന്നു. ഭാനുദാസനെ സഹായിക്കുന്നതിനായി ഞാനെന്താണിവിടെ ചെയ്യേണ്ടതു്. അയാളുടെ കുതിര അലഞ്ഞുതിരിഞ്ഞു് വല്ല സ്ഥലത്തും പോകുന്നതായാൽ അയാൾ എവിടെയാണ് അതിനെ അന്വേഷിക്കുക? അയാൾ പ്രാപഞ്ചികങ്ങളായ വ്യാമോഹങ്ങൾ സകലതും ത്യജിച്ചിട്ടു് എന്റെ ഭജനത്തിൽ ഉന്മത്തനായിരിക്കയാണ്". ഇപ്രകാരം വിചാരിച്ചുകൊണ്ടു് ശ്രീ പണ്ഡരിനാഥൻ ഒരു വിപ്രവേഷംധരിച്ചു. കുതിരയെ ചന്തയുടെ സമീപത്തുവച്ചു് കാണുകയാൽ അതിന്റെ കടിഞ്ഞാണിൽ പിടിച്ചു് നിൎത്തികൊണ്ടു്, അവിടെ—ആ വഴിയരികിൽ—ഇരുന്നു. ക്ഷീരസാഗരമദ്ധ്യത്തിൽ ശേഷനാകുന്ന പൎയ്യങ്കത്തിൽ ശയിക്കുന്നവനും, ലക്ഷ്മീദേവിയാൽ നിരന്തരം ധ്യായമാനമായ ചരണങ്ങളോടുകൂടിയവനും ഭക്തജനപാലനും മനോമോഹനരൂപനുമായ ഭഗവാൻ ആ കുതിരയുടെ കടിഞ്ഞാണിൽ പിടിച്ചുകൊണ്ടു് ആ വഴിയരികിൽതന്നെ ഇരുന്നു. നിരന്തരമായ ധ്യാനപരിശീലനത്താൽ ദൃഢീകൃതമാനസരായ യോഗികൾക്കു് സമാധിയിൽ കൂടിയും ദുൎലഭനായ ശ്രീ ഹൃഷീകേശൻ—ആശ്രിതത്രാണപരായണനും തീൎത്ഥ, വ്രത, തപ, യോഗാദികളാലും അലഭ്യനും ആയ ശ്രീ ശ്രീരംഗദേവൻ—പുണ്ഡലീകവരദാതാവായ ശ്രീ പാണ്ഡുരംഗനാഥൻ—സൃഷ്ടികൎത്താവായ വിരിഞ്ചന്റേയും ജനകനും, അനന്തബ്രഹ്മാണ്ഡങ്ങളുടെ കൎത്താവുമായ ആ ഭക്തവാത്സല്യനിധി—ത്വൽപ്പാദകമലാശ്രിതനായ ഭാനുദാസന്റെ കുതിരയെ—ആ മൃഗം തന്റെ സ്വാമിയുടെ ശത്രുക്കളാൽ വിമുക്തബന്ധമായി അലഞ്ഞുനടക്കുന്ന അവസരം കണ്ടു് തടഞ്ഞുനിൎത്തി, അതിനെ പിടിച്ചുകൊണ്ടു് ലോകസമക്ഷം ആ രാജപാതയുടെ അരികിലായി ഇരുന്നു.

ഭാൻദാസനെ ദ്രോഹിക്കുന്നതിനുദ്യമിച്ച ആ ഭാണ്ഡവാഹകന്മാരാകട്ടെ, ഈ സമയമെല്ലാം തങ്ങളുടെ കൂടാരത്തിൽ ഇരുന്ന് ഭാനുദാസനെ അധിക്ഷേപിച്ച് ഓരോ ദുരുക്തികൾ പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. "അയാൾ ഇപ്പോൾ സാമാനങ്ങളെല്ലാം നോക്കുന്നതിനായി വരും. ഇവിടെ നടന്നതായി നാം പറയുന്ന വൃത്താന്തം കേൾക്കുമ്പോൾ അയാൾ ഏററവും ആകുലനാകാതിരിക്കയില്ല".

ഈ ഖലന്മാരുടെ നിന്ദാപൂർവ്വമായ പ്രവൃത്തിയും സംഭാഷണവും കണ്ടു് മേഘശ്യാമളനായ ശ്രീ ഭഗവാൻ ഏററവും കുപിതനായിത്തീർന്നു. ജഗജ്ജീവനായ ഭഗവാൻെറ കോപം ആപൽക്കരണമാണല്ലൊ. അവർ ചിരിച്ചും സംസാരിച്ചും രസിക്കുന്നതിനിടയിൽ ഏതാനും തസ്കരന്മാർ വന്ന് ആ ഭാണ്ഡവാഹകന്മാരുടെ ചരക്കുകളും ധനവും അപഹരിക്കുകയും അവരിൽ ഓരോരുത്തക്കും കഠിനമായ താഡനം നല്കുകയും ചെയ്തു. അവരുടെ അശ്വങ്ങളേയും കെട്ടഴിച്ച കൂടെ കൊണ്ടുപോയി. ആ ദുഷ്ടന്മാരുടെ അത്യാഹ്ലാദമെല്ലാം അവസാനിച്ച; അവർ വ്യസനപൂർവ്വം ഇങ്ങനെ പറഞ്ഞു:—"നാം ഭാൻദാസനെ അകാരണം ഉപദ്രവിച്ച; അതിൻെറ ഫലമാണ് ശ്രീ പാണ്ഡുരംഗൻ നമ്മെ അനുഭവിപ്പിച്ചതു്."

ഒരു വ്യാപാരി:—"പൂർവ്വജന്മാർജ്ജിതമായ കർമ്മവാസനയെ അനുസരിച്ചാണല്ലോ മനസ്സിൻെറ അവസ്ഥ. നാം തീരെ ജ്ഞാനഹീനന്മാരും വിചാരശൂന്യന്മാരുമാണ്."

മറെറാരു വ്യാപാരി:—"വിധി നമ്മെ ചതിച്ചു. അതുകൊണ്ടായിരിക്കാം ഇത്ര കുത്സിതമായ കർമ്മം ആചരിക്കുന്നതിന് നമുക്ക് ഇടയായതു്. ഭാൻദാസൻ ഏകനിഷ്ഠനായ ഒരു ഭക്തനാണ്. അദ്ദേഹത്തെ നാം വൃഥാ പീഡിപ്പിച്ചു."

ദുസ്സഹമായ വേദനയും ധനനഷ്ടവുംകൊണ്ടു് ഉണ്ടായ ദുഃഖാധിക്യത്താൽ അവർ അത്യുച്ചം പ്രലപിച്ചുവെങ്കിലും മായാമയനായ രുഗ്മിണീരമണനാൽ വിമോഹിതരാകയാൽ നഗരവാസികളിൽ ഒരുത്തരെങ്കിലും ആ ദുഷ്ടന്മാരുടെ ആക്രന്ദനം കേൾക്കുകയോ സഹായിക്കുന്നതിന് ഓടിവരികയൊ ചെയ്തില്ല.

ഇനി, നമ്മുടെ ശ്രദ്ധയെ സങ്കീർത്തനസ്ഥലത്തേയ്ക്കു് നയിക്കാം. അവിടെയാകട്ടെ, വൈഷ്ണവന്മാരുടേയും മററും ആഹ്ലാദസൂചകമായ ശബ്ദഘോഷങ്ങളാലും വീണാമൃദംഗാദികളുടെ സുമധുരനിസ്വനത്താലും ഭക്തന്മാരുടെ നാമസങ്കീർത്തനാദികളാലും വായുമണ്ഡലം പരിപൂരിതമായിരുന്നു. പ്രഭാതത്തിന് നാലുനാഴികയ്ക്കു മുൻപായി കഥാകാരൻ ദീപാരാധന, ആരതി മുതലായവ നടത്തുകയും വൈഷ്ണവന്മാർ സുഗന്ധദ്രവ്യങ്ങൾ പുകയ്ക്കു

കയും സ്തോത്രങ്ങൾചൊല്ലി സ്തുതിക്കുകയും ചെയ്തു. അനന്തരം ഭക്തന്മാൎക്കു് പ്രസാദം കൊടുത്തു. പ്രസാദവിതരണാനന്തരം ഭാനുദാസൻ ആനന്ദപരവശനായി ഹരിദാസനെ നമസ്കരിച്ചിട്ടു് തന്റെ വസതിയിലേയ്ക്കു് പുറപ്പെട്ടു.

മാർഗ്ഗമദ്ധ്യെ, ഒരു ബ്രാഹ്മണൻ ഒരു കുതിരയെ അടുത്തു നിൎത്തിക്കൊണ്ടു് വഴിയരികിൽ ഇരിക്കുന്നതു കണ്ടു. ഭാനുദാസൻ അതിന്റെ സവിധത്തിൽ എത്തിയപ്പോൾ, തന്റെ സ്വാമിയേക്കണ്ടു് അറിഞ്ഞ ആ മൃഗം സ്നേഹപൂൎവ്വം കരഞ്ഞു. കുതിരയുടെ ശബ്ദംകേട്ടു്, "ഹാ! എന്റെ കുതിരയാണോ ഇതു്? എന്നാൽ ഇതെങ്ങിനെ ഈ സ്ഥലത്തു വന്നുചേൎന്നുവെന്നു് എനിക്കു മനസ്സിലാകുന്നില്ലല്ലൊ". എന്നിങ്ങിനെ ആശ്ചൎയ്യസമേതം പറഞ്ഞുകൊണ്ടു് ഭാനുദാസൻ അടുത്തുചെന്നു. എന്നാൽ, തന്റെ അംഗവസ്ത്രം കുതിരയുടെ ഗളനാളത്തിൽ ചുററിയിട്ടു പിടിച്ചുകൊണ്ടു് ഇരുന്നിരുന്ന ആ ബ്രാഹ്മണനാകട്ടെ, ഭാനുദാസനെ കണ്ടയുടൻ അപ്രത്യക്ഷനായി. ഈ അത്ഭുതസംഭവം കണ്ടു് ആശ്ചൎയ്യഭരിതനായ ഭാനുദാസൻ കുതിരയെ സ്വഹസ്തത്താൽ നയിച്ചുകൊണ്ടു് തന്റെ വാസസ്ഥലത്തു വന്നുചേൎന്നു. മുക്തകണ്ഠം നിലവിളിച്ചുകൊണ്ടിരുന്ന തന്റെ കൂട്ടുകാരോടു് വിവരം ചോദിച്ചപ്പോൾ അവർ സകല സംഗതിയും തുറന്നു പറയുകയും തങ്ങളുടെ കുററം പശ്ചാത്താപപൂൎവ്വം സമ്മതിക്കുകയും ചെയ്തു. അവർ പറഞ്ഞു:—

"ഭാനുദാസാ! ദുൎബ്ബുദ്ധികളും ഭാഗ്യഹീനരും ആയ ഞങ്ങൾ അങ്ങയേ ഉപദ്രവിക്കുന്നതിന് ശ്രമിച്ചു. നിങ്ങളുടെ ചരക്കുകൾ ആ കിടങ്ങിൽ വലിച്ചെറിയുകയും അശ്വത്തെ യഥേഷ്ടം പൊയ്ക്കൊള്ളുന്നതിന് അഴിച്ചുവിടുകയും ചെയ്തു. എന്നാൽ നിശീഥിനിയുടെ രണ്ടാം യാമത്തിൽ ഏതാനും തസ്കരന്മാർവന്നു് ഞങ്ങളുടെ ചരക്കുകളും ധനവുമെല്ലാം അപഹരിച്ചുകൊണ്ടുപോയി. ഈ പ്രാക്തനസ്വേച്ഛാധികാരത്തെപ്പററി ഞങ്ങൾ ആരോടു് പരിദേവനംചെയ്യേണ്ടു? ഞങ്ങളുടെ കുതിരകളും ധനസമ്പാദനോപകരണങ്ങളായിരുന്ന വസ്തുഭാണ്ഡങ്ങളും സമസ്തം അപഹൃതമായിരിക്കുന്നു; എന്നു മാത്രമല്ല, എല്ലാററിലുമുപരിയായി, ഞങ്ങൾക്കെല്ലാവൎക്കും അതികഠിനമായ പ്രഹരവും ലഭിച്ചു. ഞങ്ങളുടെ വ്യവസായവും സമാപ്തമായി എന്നുതന്നെ തോന്നുന്നു; എന്തെന്നാൽ മൂലധനംപോലും നഷ്ടമായിരിക്കുന്നു. എന്നാൽ ഭാനുദാസാ! നിങ്ങളെമാത്രം ഈശ്വരൻ രക്ഷിച്ചു. നിങ്ങളുടെ ചരക്കുകൾ, അതാ! ആ കിടങ്ങിലാണു് ഞങ്ങൾ വലിച്ചെറിഞ്ഞിരുന്നതു്. നമുക്കെല്ലാവൎക്കും അതവിടെനിന്നും എടുക്കാമോ എന്നു് പോയി നോക്കാം."

അവരുടെ പശ്ചാത്താപപൂൎവ്വമായ ഈ നിവേദനം കേട്ടപ്പോൾ ഭാനുദാസൻ ദയാൎദ്രചിത്തനായിത്തീൎന്നു. അദ്ദേഹം സാനുകമ്പം പറഞ്ഞു:—

"ഹാ! രുഗ്മിണീവരനായ ഭഗവാൻ തന്നെയാണ് എന്റെ അശ്വത്തെ പിടിച്ചുകൊണ്ട് വഴിയിൽ ഇരുന്നിരുന്നതെന്നെനിക്കിപ്പോൾ തോന്നുന്നു. ഛേ! ഈ പ്രാപഞ്ചികവൃത്തികളെല്ലാം എത്ര നിരർത്ഥകമാണ്! ഇവയൊന്നുംതന്നെ പരമാർത്ഥത്തിൽ ആത്മസുഖപ്രദങ്ങളല്ല. അഹോ! മായയാൽ വൃഥാ മോഹിതനായ ഞാൻ കുത്സിതനും ഭാഗ്യഹീനനും തന്നെ. കഷ്ടം! ശ്യാമളസുകുമാരശരീരനും രാജീവനേത്രനും ആയ ജഗജ്ജീവനൻ പീതാംബരം ധരിച്ച് വിപ്രവേഷധാരിയായി, കേവലം നിസ്സാരനായ എനിക്കുവേണ്ടി എന്റെ കുതിരയേ സൂക്ഷിച്ചുകൊണ്ട് ഇരിക്കേണ്ടിവന്നു. ഇല്ല; ഞാൻ ഈ വ്യവസായത്തിൽ—എന്നല്ല, ശ്രീ പണ്ഡരീനാഥന്ന് ഈ വിധം ആയാസമുണ്ടാക്കിത്തീർക്കത്തക്കവണ്ണം ലൗകികമായ യാതൊരു വൃത്തിയിലും ഇനി ഏർപ്പെടുന്നതല്ല."

ഈ വിധം അനുതാപാകുലചിത്തനായിത്തീർന്ന ഭാൻദാസൻ ആ വ്യാപാരികളോടായി വീണ്ടും ഇങ്ങനെ പറഞ്ഞു:—"നിങ്ങൾ സമാധാനമായിരിക്കുക; ചോരന്മാർ നിങ്ങളെ ബാധിച്ചതിനേപ്പററി ഒട്ടും വ്യാകുലപ്പെടേണ്ട." അനന്തരം അദ്ദേഹം സമീപത്തിൽ പ്രക്ഷേപിക്കപ്പെട്ടിരുന്ന തന്റെ വസ്ത്രഭാണ്ഡം എടുത്തുകൊണ്ടുവന്ന് അവക്ക് എല്ലാവക്കുമായി വിഭജിച്ചു കൊടുത്തു. തന്റെ കുതിരയേയും കയ്യിൽ ഉണ്ടായിരുന്ന ദ്രവ്യത്തേയും അവക്കുതന്നെ കൊടുത്തശേഷം അവിടേനിന്നും പോന്നു.

ഭാൻദാസൻ ഒരു യോഗിയായിത്തീരുന്നു. സ്വഗൃഹത്തിൽ എത്തിയശേഷം, ഭാൻദാസൻ ഹരിഭജനനിമഗ്നചിത്തനായി, മാനാപമാനങ്ങളേപ്പററി വിചാരരഹിതനായി, ഭഗവന്നാമമഹിമാദി കീർത്തനങ്ങളാൽ കാലയാപനംചെയ്തു. അദ്ദേഹം അന്യരുടെ സേവകവൃത്തി കൈക്കൊള്ളുന്നതല്ലെന്ന് പ്രതിജ്ഞചെയ്കയും പ്രാപഞ്ചികചിന്തകൾ മനസ്സിനെ ആചരണംചെയ്യാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരുന്നു. തനിക്ക് കളത്രപുത്രാദികൾ ഉണ്ടായിരുന്നുവെങ്കിലും, കുടുംബകാര്യങ്ങളിൽ അദ്ദേഹം ഉദാസീനനായിരുന്നതേയുള്ളു. ആഷാഢം, കാർത്തിക ഈ മാസങ്ങളിൽ അനേകം തീർത്ഥയാത്രക്കാരൊന്നിച്ച് പണ്ഡരിനഗരത്തിൽ പോകുന്നത് അദ്ദേഹത്തിന്റെ പതിവായിത്തീർന്നിരുന്നു. അവിടെയുള്ള നദീതീരത്തിൽ ഇരുന്ന് അദ്ദേഹം താള,മൃദംഗ,ഘോഷാദിസഹിതം സങ്കീർത്തനങ്ങൾ നടത്തുകയും കാവ്യകലാവിദഗ്ദ്ധനായിരുന്നതിനാൽ വിവിധവൃത്തങ്ങളിലുള്ള പദ്യങ്ങളിലായി അനേകം സ്തോത്രങ്ങൾ രചിച്ച് നീലാംഭോധരവർണ്ണനായ ഭഗവാന് സമർപ്പിക്കുകയും ചെയ്തുവന്നു. അദ്ദേഹത്തിന്റെ ഹൃദയം ശക്തിമത്തായ പ്രേമപ്രവാഹത്തിന് പ്രഭവസ്ഥാനമായിരുന്നു. കീർത്തനാവസരങ്ങളിൽ ഭാൻദാസൻ പലപ്പോഴും ഗദ്ഗദാക്ഷരത്തോടുകൂടിയവനായ് ഭവിച്ചിരുന്നു. അദ്ദേഹം കീർത്തനം ചൊല്ലുന്നവരിനായി

സന്നിഹിതനാകുന്നയവസരത്തിൽ കാഴ്ചക്കാരായ എല്ലാവരുടേയും നയനങ്ങൾ ആനന്ദാശ്രുപൂർണ്ണങ്ങളായിത്തീരും. ആ ഭക്തന്മാരുടെ ഈദൃശമായ ഭക്തികണ്ട് പ്രസന്നനായി ഭഗവാൻ രുഗ്മിണീപതിയും ഇവരോടുചേർന്ന് നൃത്തംചെയ്തുവന്നു. അജ്ഞന്മാർ, ഖലന്മാർ എന്നിവർ കൂടിയും സങ്കീർത്തനം ശ്രവിക്കുമ്പോൾ പ്രേമാർദ്രഹൃദയരായി ഇങ്ങനെ ഉച്ചൈസ്തരം ഘോഷിച്ചുവന്നു:—"ഭാനുദാസന്റെ മുഖത്തുനിന്നും പ്രവഹിക്കുന്ന ഭക്തിജ്ഞാനോദ്ദീപകങ്ങളായ ഈ കീർത്തനങ്ങൾ സർവ്വകാലവും കേട്ടാൽതന്നെയും തൃപ്തിവരികയില്ല. അഹൊ! ഈ പ്രപഞ്ചത്തിന്റെ ആസ്തിക്യം എത്ര അയഥാർത്ഥം! മൃണ്മയമായ ഈ ശരീരം എത്ര ക്ഷണഭംഗുരമാണ്!" ക്രമേണ ശ്രോതാക്കളായ അവരും ജ്ഞാനികളായി സമസ്തസൃഷ്ടസ്നേഹികളായി സദാചാരപരന്മാരായിത്തീരുകയും ചെയ്തു.

ഭാനുദാസൻ അയാചിതവൃത്തിയായ സന്ന്യസ്തജീവിതം സ്വീകരിച്ചിരുന്നതിനാൽ, യാദൃച്ഛികമായി ലഭിച്ച അന്നവസ്ത്രാദികൾ സ്വീകരിച്ചിരുന്നതല്ലാതെ സ്വന്തം ജിഹ്വകൊണ്ട് യാതൊന്നുംതന്നെ ഒരുത്തരോടും ആവശ്യപ്പെട്ടിരുന്നില്ല. "എന്റേ"തെന്നും "നിന്റേ"തെന്നും ഉള്ള ജല്പനങ്ങൾ അദ്ദേഹത്തിന് നിരർത്ഥകങ്ങളായിരുന്നു. എന്നു മാത്രമല്ല, സകല ചരാചരങ്ങളുടേയും ഐക്യഭാവത്തെപ്പറ്റി പ്രത്യക്ഷാനുഭവസ്ഥനായിരുന്നതിനാൽ വികല്പഭ്രമത്താൽ ബാധിതനുമായിരുന്നില്ല. ഈ വിധം ഭാനുദാസൻ സദാ വൈരാഗ്യഭരിതചിത്തനായി, തന്റെ ആയുഷ്കാലം മുഴുവനും—അഹോരാത്രം—ശ്രീഹരിഭജനത്തിലേയ്ക്കായി സോത്സാഹം വിനിയോഗിച്ചു.

[ഇനിയും വിദ്യാനഗരാധിപതിയായ രാമരാജൻ, ജഗദുദ്ധാരകനായ ശ്രീഭഗവാനെ (ശ്രീപാണ്ഡുരംഗനെ) സ്വരാജ്യത്തേയ്ക്ക് ആനയിക്കുന്നതും—വിജ്ഞന്മാരായ ശ്രോതാക്കൾക്ക് ഹൃദയാനന്ദകരമായതും—ആയ സരസകഥയെ നമുക്കു ശ്രവിക്കാം.]

## ശ്രീരാമകൃഷ്ണലീലാപ്രസംഗം.

### ഭഗവാൻ ഗുരുഭാവത്തിന്റെ പ്രേരണകൊണ്ട് ഭാവസ്ഥനായി റാണി രാസമണിയെ ശിക്ഷിച്ചത്. റാണിയുടെ സൌഭാഗ്യം.

ഗുരുഭാവത്തിൽ സംപൂർണ്ണമായി തന്മയനായിത്തീർന്നപ്പോൾ ഭഗവാൻ അന്യരോട് ഏതുപ്രകാരത്തിൽ പെരുമാറി എന്നും അവർക്ക് എങ്ങിനെ ശിക്ഷണം നൽകിയിരുന്നു എന്നും ഉള്ളതിന് ഈ സംഭവം ഒരു ഉജ്ജ്വലമായ ദൃഷ്ടാന്തമാണ്. ഇതിനെ സൂക്ഷിച്ചു നോക്കിയാൽ ഒരു ചെറിയ

സംഗതിയല്ലെന്നു മനസ്സിലാക്കാം. ഒരു അല്പ ശമ്പളംകൊണ്ടു് ഉപജീവനം കഴിച്ചുവന്ന അഗണ്യനായ പൂജകബ്രാഹ്മണൻ എവിടെ? കൽക്കട്ടായിലെ മഹാ ബുദ്ധിശാലികളെപ്പോലും തന്റെ ധനം ബഹുമാനം ബുദ്ധി ധൈര്യം കെല്പ് യശസ്സ് മുതലായ ഗുണങ്ങൾകൊണ്ടു് അത്ഭുതപ്പെടുത്തിയിരുന്ന റാണി എവിടെ? എന്തു് ഒരന്തരം ആണ് ഉള്ളതു്. അപ്രകാരമുള്ള ഒരു സാധു ബ്രാഹ്മണൻ അവരുടെ സമീപം പോക എന്നതുതന്നെ അത്യക്ഷണസാദ്ധ്യമല്ല. അഥവാ, ഏതെങ്കിലും കാരണവശാൽ അടുത്തു ചെല്ലുവാനിടയായാൽ മുഖസ്തുതിപറഞ്ഞു് അവൎക്കു എള്ളോളം എങ്കിലും സന്തോഷമുണ്ടാകുന്നതിന് സാധിച്ചെങ്കിൽ അതുകൊണ്ടു് കൃതാൎത്ഥനാകുകയും അതിലേയ്ക്കു് അവസരംനോക്കിക്കൊണ്ടിരിക്കുകയും ചെയ്യും. ഇവിടെ അതിനു നേരേ വിപരീതം. അവരുടെ അന്യായ ആചരണത്തിനു വെറും പ്രതിവാദംചെയ്ക മാത്രമല്ല, ശരീരത്തെ ദണ്ഡിക്കുകയാണ് ഉണ്ടായതു്. ഭഗവാന്റെ നിലയിൽനിന്നും നോക്കിയാൽ ഇപ്രകാരമുള്ള ശിക്ഷകൊണ്ടു് അവരുടെ മനസ്സിൽ കോപം അഭിമാനം ഹിംസ മുതലായവ ഉദിക്കാതെ ഇരിക്കുന്നതു കാണുമ്പോൾ ഈ സംഗതി അത്യത്ഭുതമായി തോന്നും. എന്നാൽ മുമ്പിൽ നാം പറഞ്ഞതുപോലെ സ്വാൎത്ഥഗന്ധഹീനവും വിരാട്ടുമായ "അഹ"ത്തിന്റെ സഹായത്താൽ മഹാപുരുഷന്മാരുടെ മനസ്സിൽ ഇപ്രകാരമുള്ള ഗുരുഭാവം വരുമ്പോൾ സാധാരണ ആളുകൾ മനസ്സില്ലെങ്കിലും അവരുടെ മുമ്പിൽ നതശിരസ്കന്മാരായിത്തീരുന്നു. റാണിയെപ്പോലെയുള്ള ഭക്തിമതികളും സാത്വികപ്രകൃതികളും ആയിട്ടുള്ളവരുടെ കഥ പറയാനുമില്ലല്ലൊ. എന്തുകൊണ്ടെന്നാൽ ഈ മഹാപുരുഷന്മാരുടെ കൃപയും ശക്തിയുംകൊണ്ടു് ക്ഷുദ്രവും സ്വാൎത്ഥപരവും ആയ മനുഷ്യമനസ്സ് ആ സമയം ഉന്നതനിലയിലെത്തി അവർ പറയുന്നതുപോലെ പ്രവൎത്തിക്കുകയാണ് മംഗളകരം എന്നു വിചാരിക്കുന്നു. അതുകൊണ്ടു് സാധാരണ ആളുകൾക്കു് അതിനെ വിട്ടു പ്രവൎത്തിക്കുവാനും തോന്നുകയില്ല. ഭഗവാനും ഇതേപ്പററി ഇങ്ങനെ പറയുന്നു:—"ഈശ്വരന്റെ വിശേഷ അംശം ഉള്ളിൽ ഇല്ലെങ്കിൽ ഒരിക്കലും ഒരു വിഷയത്തിലും ഒരുത്തൎക്കും വലുതാകാൻ സാധിക്കയില്ല. ബഹുമാനം, സാമൎത്ഥ്യം മുതലായ ഗുണങ്ങൾ ദഹിക്കയില്ല" (=അഹങ്കാരംകൊണ്ടു് ഇവയെ ദുരുപയോഗപ്പെടുത്തുമെന്നു സാരം). സാത്വികപ്രകൃതിയായ റാണിയുടെ ഉള്ളിൽ ഇപ്രകാരമുള്ള ഈശ്വരശക്തി ഉണ്ടായിരുന്നതുകൊണ്ടാണ് ഈ മാതിരി കഠോരഭാവം പ്രകാശിതമായിട്ടും ഭഗവാന്റെ ഗുരുഭാവത്തിലെ കൃപ ലഭിക്കുവാൻ ഇടയായതു്. ഭഗവാൻ ഇപ്രകാരം പറയുന്നു—"റാണി രാസമണി ശ്രീ ശ്രീജഗദംബയുടെ അഷ്ടനായികകളിൽ ഒരുത്തിയാണ്. ശ്രീ ജഗദംബയുടെ പൂജ ഭൂലോകത്തിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി വന്നതാണ്. അവരുടെ സകല എഴുത്തുകുത്തുകളിലും "കാളിപദാഭിലാഷി, ശ്രീമതി രാസമണിദാസി" എന്നു് എഴുതും.

അവരുടെ ഏതു പ്രവൎത്തിയിലും ഇപ്രകാരം ജഗന്മാതാവിനോടുള്ള അചപലഭക്തി പ്രകാശിച്ചിരുന്നു.

ഈശ്വരനിൽ തന്മയത്വം പ്രാപിച്ചിരുന്ന മനസ്സിനെപ്പററി ശാസ്ത്രം പറയുന്നതു്. സകലവിധത്തിലും ഈശ്വരനിൽ തന്മയമായ മനസ്സിൻെറ പലപ്രകാരത്തിലുള്ള സ്ഥിതികളെപ്പററി ശാസ്ത്രത്തിൽ പ്രസ്താവിക്കുന്നുണ്ടു്. ശ്രീമത് ശങ്കരാചാൎയ്യസ്വാമികൾ വിവേകചൂഡാമണിയിൽ ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു:—

"ദിഗംബരോവാപിച സാംബരോവാ ത്വഗംബരോവാപിചിദംബരസ്ഥഃ
ഉന്മത്തവദ്വാപിചബാലവദ്വാ പിശാചവദ്വാപി ചരത്യവന്യാം"

ഈശ്വരലാഭം (ജ്ഞാനലാഭം) സിദ്ധിച്ചശേഷം ചിലർ ജ്ഞാനരൂപമായ വസ്ത്രത്തെ മാത്രം ധരിച്ചു് സംപൂൎണ്ണനഗ്നന്മാരായി ഇരിക്കുന്നു. ചിലർ ഭ്രാന്തന്മാരെപ്പോലെ നടക്കുന്നു. ചിലർ വല്ക്കലം ധരിക്കുന്നു. ചിലർ സാധാരണന്മാരെപ്പോലെ വസ്ത്രം ധരിക്കുന്നു. ചിലർ ബാഹ്യദൃഷ്ടിയിൽ ബാലന്മാരെപ്പോലെയും ശൌചാചാരഹീനരായ പിശാചുക്കളെപ്പോലെയും നടക്കുന്നു.

ലോകഗുരുക്കന്മാരുടെ—വിശിഷ്യ ശ്രീരാമകൃഷ്ണദേവൻെറ—പ്രവൃത്തികളെ മനസ്സിലാക്കുവാനുള്ള പ്രയാസം എന്തുകൊണ്ടാണു്: വിരാട്ടായ "അഹ"ത്തോടു് തന്മയഭാവത്തിൽ ഇരിക്കുന്ന അവസരത്തിൽ മാത്രമെ സാധാരണന്മാരുടെ ദൃഷ്ടിയിൽ ഇപ്രകാരമുള്ള അവസ്ഥ ലക്ഷിക്കപ്പെടുകയുള്ളു. എന്നാൽ ഈശ്വരൻെറ അജ്ഞാനനാശകമായ ഗുരുഭാവം പ്രകാശിക്കുന്നതു് ഇവരുടെ ഉള്ളിൽക്കൂടിയാണു്. സ്വാൎത്ഥപരവും പരിമിതവും ആയ "അഹം" നശിച്ചെങ്കിൽ മാത്രമെ "അഖിലം ഞാൻ" എന്ന "അഹവും" ലോകകല്യാണകാരിയായ ഗുരുഭാവവും പ്രകാശിക്കയുള്ളു എന്നു മുമ്പു തന്നെ പറഞ്ഞിട്ടുണ്ടല്ലൊ. ഈ ജ്ഞാനികളുടെ കൂട്ടത്തിൽ ആരാണൊ എല്ലായ്പ്പോഴും ഗുരു അല്ലെങ്കിൽ ഋഷി പദവിയിൽ ഈശ്വരേച്ഛയാൽ സ്ഥിതിചെയ്യുന്നതു് അവരും അന്യരെ പഠിപ്പിക്കുന്നതിനായി സദ്വിഷയങ്ങളിലുള്ള തീവ്രഅനുരാഗം അസദ്വിഷയങ്ങളിലുള്ള തീവ്രകോപം ആചാരം നിഷ്ഠ നിയമം തൎക്കം യുക്തി പാണ്ഡിത്യം ഇത്യാദി സകല ഭാവങ്ങളും അതാതവസ്ഥ അനുസരിച്ചു് സാധാരണന്മാരെപ്പോലെതന്നെ കാണിച്ചുകൊണ്ടിരിക്കുന്നു കാണിച്ചുകൊണ്ടിരിക്കുന്നു. എന്നു പറയാൻ കാരണം ഉണ്ടു്. ഉള്ളിൽ "ഏകമേവാ ദ്വിതീയം ബ്രഹ്മ" എന്ന ഭാവത്തിൽമായാരാജ്യത്തിലുള്ള സത്തു് അസത്തു് ധൎമ്മം അധൎമ്മം പാപം പുണ്യം തുടങ്ങിയ സകല പദാൎത്ഥങ്ങളിലും ഭാവങ്ങളിലും ഏകാകാരജ്ഞാനം(ദൃഷ്ടി)പൂൎണ്ണമായി വന്നിട്ടുണ്ടെങ്കിലും അന്യൎക്കമായാരാജ്യത്തിനപ്പുറത്തേയ്ക്കുള്ള വഴി

കാണിച്ചുകൊടുക്കുന്നതിനുവേണ്ടി ഈ സകല ഭാവങ്ങളും സ്വീകരിച്ച് കാലയാപനം ചെയ്യേണ്ടതായിട്ടുണ്ട്. സാധാരണ ഗുരുക്കന്മാക്കും ഋഷികൾക്കും ഇപ്രകാരം ലോകകല്യാണത്തിനുവേണ്ടി പ്രവൎത്തിക്കേണ്ടതായിരിക്കെ ഈശ്വരഅവതാരമൊ ജഗൽഗുരുക്കന്മാരൊ ആയിട്ടുള്ള ആചാൎയ്യന്മാരുടെ കഥ വിശേഷിച്ച് പറയേണ്ടതില്ലല്ലൊ. ഈ കാരണത്താൽ ജനസാമാന്യത്തിന് ഇവരെ അറിയുന്നതിനും മനസ്സിലാക്കുന്നതിനും പ്രയാസമായിത്തീരുന്നു. വിശേഷിച്ചും ആധുനികകാലത്തെ യുഗാവതാരമായ ശ്രീരാമകൃഷ്ണദേവനെ മനസ്സിലാക്കുക കുറേക്കൂടി പ്രയാസമാണ്. എന്തെന്നാൽ ഈ കാലംവരെ അവതരിച്ചിട്ടുള്ള പുരുഷന്മാരിൽ കാണപ്പെട്ടിട്ടുള്ളതായി ശാസ്ത്രത്തിൽ വൎണ്ണിച്ചിരിക്കുന്ന ബാഹ്യഐശ്വൎയ്യവും വിഭൂതിശക്തിയും എല്ലാം ഭഗവാനിൽ വളരെ നിഗൂഢഭാവത്തിൽ മാത്രമെ വെളിപ്പെട്ടിരുന്നുള്ളു. അതിനാൽ യഥാൎത്ഥമായ ഒരു തത്വജിജ്ഞാസുവായി അദ്ദേഹത്തിന്റെ കൃപയ്ക്കു പാത്രീഭവിച്ച് വളരെനാൾ അദ്ദേഹവുമായി പരിചയപ്പെട്ടെങ്കിൽ മാത്രമെ ഇതു മനസ്സിലാകുമായിരുന്നുള്ളു. രണ്ടുമൂന്നുപ്രാവശ്യം പോയി കണ്ടതുകൊണ്ടുമാത്രം മനസ്സിലാക്കാൻ ആൎക്കും സാദ്ധ്യമായിരുന്നില്ല. ഏതൊരു ബാഹ്യഗുണംകൊണ്ടാണ് അദ്ദേഹത്തിലേയ്ക്കു ആകൎഷിക്കപ്പെടേണ്ടതു? പഠിപ്പുകൊണ്ടാണെങ്കിൽ നിരക്ഷരനാണെന്നുതന്നെ പറയാം. ഒരിക്കൽ കേട്ടതു് അതുപോലെ ധരിക്കുവാനുള്ള ധാരണാശക്തി ഉണ്ടായിരുന്നതുകൊണ്ട് വേദവേദാന്താദിസകല ശാസ്ത്രങ്ങളും നല്ല വശമായിരുന്നു എന്നുള്ള സംഗതി ഏതുപ്രകാരമാണ് മനസ്സിലാക്കുക. ഇനിയും ബുദ്ധികണ്ടു മനസ്സിലാക്കാമെന്നാണെങ്കിൽ അതും എളുപ്പമല്ല. “ഞാൻ ഒന്നും ഇല്ല, എനിക്ക് ഒന്നും അറിയാൻപാടില്ല. എന്റെ അമ്മയ്ക്കു എല്ലാം അറിയാം”. സദാ ഈ ബോധത്തിലിരിക്കുന്ന ഒരാളിന്റെ ബുദ്ധിബലം അറിയുന്നതെങ്ങിനെയാണ്? അദ്ദേഹത്തോട് ചോദിച്ചാലും “അമ്മയോടു ചോദിക്കുക. അമ്മ പറയും” എന്നു പറയും. ആ വാക്കുകൾ വിശ്വസിച്ച് നിങ്ങൾ അതുപോലെ പ്രവൎത്തിക്കുമൊ? പക്ഷെ നിങ്ങൾ വിചാരിക്കുമായിരിക്കും “ഈശ്വരൻ സൎവ്വജ്ഞനും, സൎവ്വശക്തിമാനും, നിരാകാരനുമായ ചൈതന്യസ്വരൂപനാണ്; അദ്ദേഹം വിചാരിച്ചാൽ സൎവ്വ വിഷയവും നമ്മെ മനസ്സിലാക്കുവാൻ കഴിയും” എന്നെല്ലാം “കഥാമാല” “ബോധോദയം” തുടങ്ങിയ ചെറിയ പുസ്തകങ്ങൾ വായിക്കുന്ന കാലംമുതൽ നാം കേൾക്കുന്നുണ്ടല്ലൊ എന്നും ഇതനുസരിച്ചു പ്രവൎത്തിച്ചാൽ നമുക്ക് എന്താണ് ലഭിക്കുന്നതു് എന്നും. ധനം യശസ്സ് ഇവകൊണ്ട് അദ്ദേഹത്തെ മനസ്സിലാക്കാമൊ? ഇവ രണ്ടും ഭഗവാന് തീരെ ഇല്ലായിരുന്നു. ഇവയെ ത്യജിക്കാനാണ് താനും അദ്ദേഹത്തിന്റെ ആദ്യം മുതലുള്ള ഉപദേശം. ഇപ്രകാരം എല്ലാ വിഷയങ്ങളിലും അദ്ദേഹത്തോട് ആകൎഷണംതോന്നി അദ്ദേഹത്തെ മനസ്സിലാക്കാനുള്ള ഉപായം അദ്ദേഹത്തിന്റെ പവിത്രതയും ഈശ്വരാനുരാഗവും പ്രേമവും

കണ്ടറിയുക മാത്രമാണ്. ഇതുകൊണ്ട് നിങ്ങൾക്ക് അദ്ദേഹത്തോട് ആകർഷണം തോന്നി എങ്കിലല്ലാതെ അദ്ദേഹത്തെ അറിയാൻ സാധിക്കുന്നതല്ല. രാസമണിറാണി, ഇപ്രകാരം കഠോരഭാവത്തിൽ പ്രകാശിതമായ ഭഗവാൻെറ ഗുരുഭാവത്തെ മനസ്സിലാക്കിയതും ഇപ്രകാരമുള്ള ശിക്ഷകൊണ്ട് തീരെ അഭിമാനവും അഹങ്കാരവും ഉണ്ടാകാതെ ധന്യയായി എന്ന് വിചാരിച്ചതും അവളുടെ വലുതായ ഭാഗ്യോദയംകൊണ്ടാണ്.

(അഞ്ചാം അദ്ധ്യായം സമാപ്തം.)

—:o:— 10638

# ശ്രീ വിവേകാനന്ദചരിതം.

(൩൧൯-ാം പേജിൽനിന്നും തുടൎച്ച)

ഏകദേശം രണ്ടുമണിയോടുകൂടി ശ്രീരാമകൃഷ്ണദേവനും ഭക്തന്മാരും കേറിയിരുന്ന വള്ളം പാനിഹാട്ടിയിൽ വന്നുചേൎന്നു. അവിടെ ഗംഗാതീരത്തായി വളരെ പഴക്കമുള്ള ഒരു അശ്വത്ഥവൃക്ഷത്തിൻെറ നാലുവശത്തും വലിയ ജനസംഘം കൂടിയിരിക്കുന്നതുകണ്ടു. പല ഇടങ്ങളിലായി വൈഷ്ണവഭക്തന്മാർ നാമസങ്കീൎത്തനം ആനന്ദമഗ്നന്മാരായി നടത്തിക്കൊണ്ടിരിക്കുന്നതു കണ്ടു. നാമഗാനത്തിൽ മത്തന്മാരായി പലൎക്കും ബാഹ്യബോധം കുറഞ്ഞിരിക്കുന്നുവോ എന്നു തോന്നും. വള്ളത്തിൽ കയറുന്ന സമയവും അവിടെ വന്നുചേൎന്നതിൽ പിന്നീടും, നരേന്ദ്രൻ, ബലരാമൻ, ഗിരീശൻ, രാമചന്ദ്രൻ തുടങ്ങിയവർ ഏതെങ്കിലും ഭജനസംഘത്തിൽ പ്രവേശിച്ച് നൃത്തവും ഗാനവും ചെയ്യരുതെന്ന് ഭഗവാനോട് പ്രത്യേകിച്ച് അപേക്ഷിച്ചിട്ടുണ്ടായിരുന്നു. അപ്രകാരം പ്രവൎത്തിച്ചാൽ ഗളരോഗം വൎദ്ധിക്കുമെന്നുള്ള കാരണത്താലാണ് അവർ ഇപ്രകാരം അപേക്ഷിച്ചതു്.

വള്ളത്തിൽ നിന്നും ഇറങ്ങി ഭക്തന്മാരോടുകൂടി ശ്രീരാമകൃഷ്ണദേവൻ ശ്രീമാൻ മണിസേനൻെറ ഗൃഹത്തിലേയ്ക്കു് തിരിച്ചു. ഭഗവാൻെറ ആഗമനത്താൽ ആനന്ദിതരായി മണിസേനൻെറ ഭവനത്തിലുള്ളവരെല്ലാവരും പ്രണാമംചെയ്തശേഷം ഭഗവാനെ ഗൃഹത്തിൻെറ പ്രധാനമുറിയിൽ കൊണ്ടുവന്ന് ഇരുത്തി. ഈ മുറി മേശ, കസേര, പരവതാനി മുതലായവകൊണ്ട് ഇംഗ്ലീഷുരീതിയിൽ സജ്ജിതമാക്കപ്പെട്ടിരുന്നു. പത്തുപതിനഞ്ചു മിനിട്ടുനേരം അവിടെ വിശ്രമിച്ചതിൻെറശേഷം എല്ലാവരുംകൂടി മണിസേനൻെറവക രാധാകാന്തക്ഷേത്രം ദൎശിക്കുന്നതിനായി തിരിച്ചു.

ഈ ഭവനത്തിലെ പ്രധാന മുറിയുടെ ഒരു വശത്താണ് രാധാകാന്തക്ഷേത്രം. മുറിയുടെ വാതൽ തുറന്നാൽ ക്ഷേത്രത്തിലെ മുൻവശത്തെ നാടക

ശാലയിൽ കയറി യുഗളമൂൎത്തിദൎശനം കഴിക്കാം. ബിംബം രണ്ടും വളരെ മനോഹരം. ദൎശനം കഴിഞ്ഞ ഉടൻ ശ്രീരാമകൃഷ്ണദേവൻ അൎദ്ധബാഹ്യദശയിൽ നമസ്കരിക്കാൻ തുടങ്ങി. നാടകശാലയിൽനിന്നും നാലഞ്ചു പടി ഇറങ്ങിയാൽ വീട്ടിലെ മട്ടുപ്പാവും മട്ടുപ്പാവിലേയ്ക്കു കയറാനുള്ള ഏണിപ്പടിയും ഉണ്ട്. പടിവഴി മട്ടുപ്പാവിൽ കയറിയാൽ ഉടൻതന്നെ യുഗളമൂൎത്തിദൎശനം ലഭിക്കും. ഭഗവാൻ ഇപ്രകാരം നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഭജനസംഘം മട്ടുപ്പാവിൽവന്നു കീൎത്തനം പാടാൻ ആരംഭിച്ചു. ഉത്സവസ്ഥലത്തു വരുന്ന ഭജനസംഘങ്ങൾ എല്ലാം ആദ്യം ഈ ക്ഷേത്രത്തിൽവന്നു ദൎശനംകഴിച്ചു കീൎത്തനം പാടിക്കൊണ്ടു ഗംഗാതീരത്തിൽ ഉള്ള ഉത്സവസ്ഥലത്തേയ്ക്കു പോകുക പതിവാണ്. ഭഗവാൻ കീൎത്തനം കേട്ടു ഉടൻതന്നെ ഒരു നിമിഷത്തിൽ ഭക്തന്മാരുടെ കൂട്ടംവിട്ടു ഒരു ചാട്ടംകൊണ്ടു ഭജനക്കാരുടെ മദ്ധ്യത്തിൽ ആയി. ഭാവാവേശംകൊണ്ട് ബാഹ്യജ്ഞാനം സംപൂൎണ്ണം ഇല്ലാതെആയി. ഭക്തന്മാർ ഉടൻതന്നെ ബദ്ധപ്പെട്ടു ഭഗവാന്റെ ചുററും വന്നു വളഞ്ഞു സാവധാനത്തിൽ താഴെ ഇറക്കാൻ ശ്രമിച്ചു. ഭാവാവേശത്തിൽ ഭഗവാൻ താണ്ഡവനൃത്തംതുടങ്ങി കുറേ ചുവടു മുമ്പോട്ടു നൃത്തംചെയ്തുവരികയും പിന്നോട്ടു നൃത്തംചെയ്തുംകൊണ്ട് മഹാസമുദ്രത്തിൽ മത്സ്യം പൊങ്ങിക്കളിക്കുംപോലെ ആനന്ദസാഗരത്തിൽ മഗ്നനായി നൃത്തം തുടരുകയും ചെയ്തു. ഭഗവാന്റെ ശരീരസൌന്ദൎയ്യവും മാധുൎയ്യവുംചേൎന്ന അംഗകാന്തി വൎദ്ധിച്ച് സംപൂൎണ്ണാനന്ദാന്വിതമായി ശക്തി മുഖത്തുനിന്നും വികസിച്ചു വിതരണംചെയ്യപ്പെട്ടുകൊണ്ടിരുന്നു. സാധാരണ സ്ത്രീപുരുഷന്മാരുടെ നൃത്തത്തേക്കാൾ ദിവ്യഭാവാവേശം വന്നിട്ടുണ്ടാകുന്ന നൃത്തത്തിന്റെ മനോഹരത്വം വൎണ്ണിക്കാൻ പ്രയാസമാണ്. പ്രബലമായ ഭാവവികാസത്തിന്റെ ശക്തികൊണ്ട് ശരീരം മൃദുപദാൎത്ഥങ്ങളെപ്പോലെ എളുപ്പത്തിൽ വളയുന്നതുകണ്ടാൽ അത്ഭുതംതോന്നും. ഈ ആനന്ദസാഗരത്തിൽനിന്നും വരുന്ന തരംഗത്തിൽ പൊങ്ങി നീന്തുന്നു എന്നു എല്ലാവൎക്കും തോന്നും. ഏകദേശം അരമണിക്കൂറുനേരം ഇപ്രകാരം കഴിഞ്ഞപ്പോൾ ഭഗവാൻ സ്വല്പം പ്രകൃതിസ്ഥനായി. ഭക്തന്മാർഭജന സംഘത്തിന്റെ മദ്ധ്യത്തിൽനിന്നും വേൎതിരിച്ചു ഭഗവാനെ ചുററും വളഞ്ഞ് ഏകദേശം ഒരു മയിൽപരം ദൂരെയുള്ള ശ്രീ ചൈതന്യന്റെ ഭക്തനായ രാഘവപണ്ഡിതന്റെ ഭവനത്തിൽ കൊണ്ടുപോയി. അവിടത്തെ നിത്യം പൂജിക്കുന്ന രാധാകൃഷ്ണമൂൎത്തിയും സാളഗ്രാമശിലയും ദൎശനംചെയ്തിട്ടു ഉടൻ ഭഗവാനെ വള്ളത്തിൽ കയററി ദക്ഷിണേശ്വരത്തേയ്ക്കു തിരിക്കണം എന്നു തീൎച്ചയാക്കി. ഭഗവാനും ഇതു സമ്മതിച്ചു മണിസേനന്റെ വീട്ടിൽനിന്നും വെളിയിൽ ഇറങ്ങി. എന്നാൽ ഭജനസംഘം ഭഗവാനെ വിട്ടുപോകാതെ പുറകിൽനിന്നും ഗാനം ആരംഭിച്ചു. ഭഗവാനും പാട്ടുകേട്ടമാത്രയിൽ അൎദ്ധബാഹ്യദശവന്നു.

ഇടയ്ക്കിടയ്ക്കു് പൂൎണ്ണഭാവാവസ്ഥയും വന്നുകൊണ്ടിരുന്നതിനാൽ ഭക്തന്മാൎക്ക വളരെ സാവധാനത്തിലെ ലക്ഷ്യസ്ഥാനത്തു ഭഗവാനെ കൊണ്ടുപോകാൻ സാധിച്ചുള്ളൂ.

അന്നേദിവസം ഭാവാവസ്ഥ വന്നപ്പോൾ ശ്രീരാമകൃഷ്ണദേവൻെറ ശരീരത്തിലുണ്ടായ കാന്തിയും സൌന്ദൎയ്യവും ഇതിനുമുമ്പിൽ ഒരിക്കലും കണ്ടിട്ടില്ല. ദേവദേഹത്തിൻെറ അപൂൎവ്വശ്രീ വൎണ്ണിക്കാൻ പ്രയാസം. ശരീരത്തിനു പൊക്കക്കൂടുതൽ വന്നു എന്നു തോന്നി. ലഘുത്വവും കൂടി. ശ്യാമവൎണ്ണം നല്ല ഗൌരവൎണ്ണമായിത്തീൎന്നു. ഭാവസമാധിയിൽ ജ്വലിച്ചുകൊണ്ടിരുന്ന മുഖത്തിൽനിന്നും ജ്യോതിസ്സു നാലുചുററും വിതരണംചെയ്യുന്നു എന്നു തോന്നി. മുഖത്തുനിന്നും പ്രകാശിച്ചുകൊണ്ടിരുന്ന മഹിമയും കരുണയും ശാന്തിയും ആനന്ദവും കണ്ടു് ജനങ്ങൾ ഭ്രമിച്ചു തനിയേ പുറകേ വന്നു. ഉടുത്തിരുന്ന പട്ടുവസ്ത്രവും അഗ്നിശിഖപോലെ ശോഭിച്ചു. ഭജനസംഘം ഉടൻ ചുററി വളഞ്ഞു പാടാൻ തുടങ്ങി.

"സുരധുനീർതീരെ ഹരിബോലെ കേരെ
ബുദ്ധിപ്രേമദാതാനിതായി ഏസെ ഛെ
ഒരെ ഹരി ബോലെ കേരെ
ജയരാധെ ബോലെ കേരെ
ബുദ്ധി പ്രേമദാതാ നിതായി ഏസെ ഛെ
(ആമാദെർ) പ്രേമദാതാ നിതായി ഏസെ ഛെ
നിതായി നഇലെ പ്രാണജൂഡാബെ കിസെ ഛെ
(ഏഇ ആമാദേർ) പ്രേമദാതാനിതായി ഏസെ ഛെ

ജയരാധെ എന്നു ചൊല്ലുന്നവരെ, ഗംഗാനദീതീരെ ഹരിനാമംചൊല്ലുന്നവരെ (കേൾക്കിൻ) നിതായി പ്രേമദാനംചെയ്യുന്നതിനായി വന്നിരിക്കുന്നു എന്നറിഞ്ഞാലും; നമുക്കു് പ്രേമംതരുന്നതിനായി നിതായി വന്നില്ലെങ്കിൽ പ്രാണൻ എങ്ങിനെ സൎവ്വത്ര വ്യാപിക്കും. നമുക്കു് പ്രേമം തരുന്നതിനായി ഇതാ വന്നിരിക്കുന്നു. ഒടുവിലത്തെ ചരണം പാടുന്ന സമയം എല്ലാപേരും ഭഗവാനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് നമ്മുടെ പ്രേമദാതാ എന്നു പറഞ്ഞു് അത്യാനന്ദത്തോടുകൂടി നൃത്തം ചെയ്തു. അവരുടെ ഈ ഉത്സാഹം ഉത്സവസ്ഥലത്തു വന്നുകൂടിയ ജനങ്ങളുടെയിടയ്ക്കു പരന്നു് എല്ലാവരും ഭഗവാൻെറ കൂടെ പുറകിൽവന്നു അനിമിഷനയനങ്ങൾകൊണ്ടു ഭഗവാനെ നോക്കിക്കൊണ്ടിരുന്നു. നൂതനഭജനസംഘങ്ങൾവന്നു് മുമ്പിലത്തെ ഭജനക്കാരോടു കൂടിച്ചേൎന്നു് പാടി. വളരെ സാവധാനത്തിലെ രാഘവപണ്ഡിതൻെറ ഗൃഹത്തിലേയ്ക്കു ഭഗവാന്നു് പോകുവാൻ സാധിച്ചുള്ളൂ.

സ്ത്രീ ഭക്തകൾ ഗംഗാതീരത്തിൽ അരയാൽ വൃക്ഷത്തിൻെറ ചുവട്ടിൽ വച്ചിരുന്ന ശ്രീ ഗൌരംഗനിത്യാനന്ദമൂൎത്തികളുടെ മുമ്പിൽ കുറെ നൂതന

മൺചട്ടികളിൽ ഫലങ്ങൾ കൊണ്ടുവന്നു നിവേദിച്ചതിൻെറശേഷം ഭഗവാന്നുവേണ്ടി ഇവയെക്കൂടി കൊണ്ടുവരികയായിരുന്നു. വഴിയിൽവച്ചു വൈഷ്ണവവേഷംധരിച്ച് ഒരു ബാബാജിവന്നു ഒരു ചട്ടിയിൽനിന്നും കുറേ ഫലം പെട്ടെന്നു എടുത്തു ഭാവോന്മത്തൻെറ നിലയിൽ ഈ ഫലം ഭഗവാൻെറ മുഖത്തു തിന്നാനായി വച്ചു. ഈ ബാബാജിയുടെ സ്പർശം ലഭിച്ച മാത്രയിൽ ഭഗവാന് ശരീരം മുഴുവൻ രോമാഞ്ചമുണ്ടായി ഭാവഭംഗംവന്നു. ഉടൻ ഈ ഫലം തുപ്പി വെള്ളം കൊണ്ടുവന്നു മുഖം കഴുകി. ഇതുകണ്ട് ഈബാബാജി ദുർമ്മാർഗ്ഗിയാണെന്ന് ആളുകൾക്ക് മനസ്സിലായതോടുകൂടി അയാൾ ദൂരെ ഓടിക്കളഞ്ഞു. ഭഗവാൻ വേറെ ഒരു ഭക്തൻെറ കൈയിൽ ഉണ്ടായിരുന്ന പാത്രത്തിൽനിന്നും സ്വല്പം ഫലം എടുത്തു ഭക്ഷിച്ചശേഷം ഫലങ്ങൾ എല്ലാം ഭക്തന്മാർക്ക് പ്രസാദമായി കഴിക്കാൻ കൊടുത്തു. ഇപ്രകാരം ഒരു മൈൽ നടന്നു രാഘവപണ്ഡിതൻെറ ഭവനത്തിൽ എത്തുന്നതിന് മൂന്നുമണിക്കൂറുനേരം വേണ്ടിവന്നു. അവിടെ ചെന്നു ഈശ്വരദർശനംകഴിഞ്ഞു വിശ്രമിച്ചപ്പോൾ അരമണിക്കൂർകൂടി ആയി. ജനക്കൂട്ടം ക്രമേണ കുറഞ്ഞു. ഭക്തന്മാർ ഭഗവാനെ വള്ളത്തിൽ കയററി തിരിച്ചു പോരുവാൻ ഒരുമ്പെട്ടു. ഉടൻ ഒരു അത്ഭുതസംഭവവും ഉണ്ടായി.

കൊന്നനഗരനിവാസിയായ നവചൈതന്യമിത്രൻ ഉത്സവസ്ഥലത്തു ശ്രീരാമകൃഷ്ണദേവൻ വന്നിട്ടുള്ള വൃത്താന്തം കേട്ടു. അദ്ദേഹം ഭഗവദ്ദർശനം ലഭിക്കാഞ്ഞു ഏററവും വ്യാകുലതയോടുകൂടി ഭഗവാനെ അന്വേഷിച്ചു നടക്കുകയായിരുന്നു. അപ്പോൾ ഭഗവാൻ വള്ളത്തിൻെറ നടുക്കു നില്ക്കുന്നതും വള്ളം നീക്കാൻ പോകുന്നതും കണ്ട് ഓടി വള്ളത്തിൽ ചാടി ഭഗവാൻെറ കാല്ക്കൽ സാഷ്ടാംഗം നമസ്കരിച്ചു പ്രാണസങ്കടത്തോടുകൂടി കരയാൻ തുടങ്ങി. ഭഗവാൻ ഈ വൃദ്ധൻെറ വ്യാകുലതയും ഭക്തിയും കണ്ട് ഭാവാവിഷ്ടനായി നവചൈതന്യനെ ഒന്നു സ്പർശിച്ചു. ഉടൻതന്നെ നവചൈതന്യന് എന്തോ ദർശനം ലഭിച്ച് കരച്ചിൽ മാറി; അത്യന്തം ആനന്ദത്തോടു വള്ളത്തിൽതന്നെ താണ്ഡവനൃത്തംചെയ്തുകൊണ്ടും ഭഗവാനെ സ്തുതിചൊല്ലി ഇടയ്ക്കിടയ്ക്കു സാഷ്ടാംഗം നമസ്കരിച്ചുകൊണ്ടും ഇരുന്നു. കുറേ നേരം കഴിഞ്ഞപ്പോൾ ഭഗവാൻ അയാളുടെ പൃഷ്ഠഭാഗത്തു തൊട്ടു അയാളെ പ്രകൃതിസ്ഥനാക്കി അയാളെ ഉപദേശിച്ചു. നവചൈതന്യൻ ഇതിനുമുമ്പിൽ പല തവണ ഭഗവാനെ കണ്ടിരുന്നു എങ്കിലും ഇപ്പോൾ മാത്രമെ ഭഗവാൻെറ കൃപയ്ക്കു പാത്രമായി ഭവിച്ചുള്ളു. താൻ കൃതാർത്ഥനായി എന്ന ബോധം വന്ന അന്നേദിവസംതന്നെ കുടുംബഭാരം മുഴുവൻ മകനെ ഏല്പിച്ചിട്ട് സമീപത്തു ഗംഗാതീരത്തിൽ ഒരു പർണ്ണകുടീരം ഉണ്ടാക്കി വാനപ്രസ്ഥാശ്രമിയുടെ നിലയിൽ അവിടെ താമസിച്ച് ശേഷംകാലം എല്ലാം സാധനഭജനനാമഗാനാദികളിൽ നിയുക്തനായി. അന്നുമുതൽ നവചൈതന്യന് സങ്കീർത്തനം കേൾക്കുമ്പോൾ ഭാവാവേശം വരും. അദ്ദേഹത്തിൻെറ

ഭക്തിയും ആനന്ദപ്രഫുല്ലമുഖവും കണ്ട ജനങ്ങൾക്ക് അദ്ദേഹത്തിനോടു ബഹുമാനം തോന്നി. കുറേക്കാലം കഴിഞ്ഞപ്പോൾ ഭഗവാൻെറ കൃപകൊണ്ട് നവചൈതന്യൻ അനേകം ആളുകളുടെ ഹൃദയത്തിൽ ഭഗവൽഭക്തി ഉണർത്തുന്നതിന് സമർത്ഥനായിത്തീൎന്നു.

നവചൈതന്യൻ ഇറങ്ങി. വള്ളം ഉടൻ നീക്കി എങ്കിലും തിരിയെ ദക്ഷിണേശ്വരത്തു വന്നപ്പോൾ മണി രാത്രി ഒൻപതരയായി. ഭക്തന്മാർ ഭഗവാനെ നമസ്കരിച്ചു തിരിയെ വള്ളത്തിൽ കയറി. ഉടനെ അവരിൽ ഒരാൾ മറന്നിട്ട ജോട്ട് എടുക്കാനായി ദക്ഷിണേശ്വരത്തു ഭഗവാൻെറ മുറിയിൽ കയറിവന്നു. ഭഗവാൻ വരാനുള്ള കാരണം അറിഞ്ഞപ്പോൾ പരിഹാസമായി നീ ഇതു വള്ളം നീക്കുന്നതിന് മുമ്പിൽ എങ്കിലും ഓൎമ്മിച്ചല്ലോ. അല്ലെങ്കിൽ ഇന്നത്തെ ആനന്ദം എല്ലാം ഈ കാരണംകൊണ്ടു അസ്തമിച്ചു പോകുമായിരുന്നു. ഈ യുവാവ് നമസ്കരിച്ചു തിരിയെ പോകുവാൻ ഭാവിച്ചപ്പോൾ ഭഗവാൻ ഇപ്രകാരം പറഞ്ഞു. "ഇന്നു എന്തെല്ലാം വിശേഷം കണ്ടു എന്നു പറക. ഇന്നു ഹരിനാമം വില്ക്കുന്ന ചന്തയായിരുന്നു." ഇതു തുടൎന്നു അന്നേദിവസം തൻെറ ഭക്തന്മാരിൽ ചിലൎക്ക് ഉത്സവസ്ഥലത്തു വച്ചുണ്ടായ ഭാവസമാധിയെപ്പററി പറഞ്ഞിട്ട് ചെറിയ നരേന്ദ്രനെപ്പററി പ്രശംസിച്ചു. "കുട്ടി ഇവിടെ വന്നിട്ടു കാലം കുറച്ചേ ആയുള്ളൂ, എങ്കിലും അവന് ഭാവസമാധി ആരംഭിച്ചല്ലോ. ഇന്നു അവന് വന്ന ഭാവസമാധി എളുപ്പത്തിൽ മാറിയില്ല. ഏകദേശം ഒരു മണിക്കൂർ അവന് ബാഹ്യസംജ്ഞ ഇല്ലായിരുന്നു. അവൻെറ മനസ്സു ഇന്നു നിരാകാരത്തിൽ ലയിച്ചു എന്നു അവൻ പറഞ്ഞു. ചെറിയ നരേന്ദ്രൻ നല്ല കുട്ടിയാണ് ഇല്ലേ. നീ ഒരിക്കൽ അവൻെറ വീട്ടിൽ ചെന്നുകണ്ട് കുറേനേരം അവനോടു സംസാരിക്കണം". യുവാവ് ഇതുകേട്ട് മറുപടി പറഞ്ഞു. "എനിക്കു വലിയ നരേന്ദ്രനോടാണ് വലിയ ഇഷ്ടം. വേറെ ആരോടും എനിക്ക് സ്നേഹം ഇല്ല. അതുകൊണ്ട് എനിക്കു ചെറിയ നരേന്ദ്രനെ ചെന്നു കാണാൻ താല്പൎയ്യം ഇല്ല". ഭഗവാൻ ഇതുകേട്ട് നിന്ദിച്ചു പറഞ്ഞു. "നീ ഒററപോക്കുകാരൻ ആണ്. ഒരു വഴി മാത്രം പോകുന്നത് ഹീനബുദ്ധിയുടെ ലക്ഷണമാണ്. ഞാൻ ഭഗവാൻെറ എല്ലാ പുഷ്പങ്ങളേയും എടുക്കുന്നു. ഭക്തന്മാർ പലപ്രകാരത്തിൽ ഉണ്ട്. അവരോടു എല്ലാവരോടും ചേൎന്നു ആനന്ദിക്കാതെ ഇരിക്കുന്നത് ഹീനബുദ്ധിക്കു ചേരുന്ന പ്രവൃത്തിയാണ്. നീ തീൎച്ചയായും ചെറിയ നരേന്ദ്രൻെറ വീട്ടിൽ ഒരിക്കൽ പോകണം. നീ പോകുമല്ലോ." യുവാവ് നിവൃത്തി ഇല്ലാതെ സമ്മതിച്ചു. സ്വല്പദിവസം കഴിഞ്ഞു ഇയാൾ ചെറിയ നരേന്ദ്രനെ ചെന്നുകണ്ട് സംസാരിച്ചു. അപ്പോൾ തൻെറ ജീവിതത്തിൽ നടന്ന ചില വിഷമസംഗതികൾക്കു എല്ലാം ശരിയായ സമാധാനം നരേന്ദ്രൻെറ സംഭാഷണത്തിൽനിന്നു ലഭിച്ചു സന്തുഷ്ടനായി.

സ്ത്രീഭക്തകൾ അന്നരാത്രി ദക്ഷിണേശ്വരത്തു ശ്രീ ശ്രീമാതൃദേവിയുടെ ക്രൂടെ താമസിച്ച് മൂന്നാം ദിവസമായ സ്നാനയാത്രാദിവസത്തിൽ ദക്ഷിണേശ്വരത്തെ ദേവീപ്രതിഷ്ഠയുടെ വാത്സരികഉത്സവം കണ്ടിട്ടു പോകാം എന്നു നിശ്ചയിച്ചിരുന്നു. രാത്രിയിൽ അത്താഴസമയത്ത് ഭഗവാൻ പാണിഹാട്ടിലെ സംഭവങ്ങളെപ്പററി പറഞ്ഞു. "എന്തു് ആൾക്കൂട്ടമാണ്. എനിക്കു ഭാവസമാധി വന്നതുകൊണ്ട് എല്ലാവരും എന്നെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അവർ (ശ്രീമാതൃദേവി) എൻെറ ക്രൂടെ വരുന്നില്ല എന്നു പറഞ്ഞതു് ഉത്തമംതന്നെ. ക്രൂടെ വന്നിരുന്നുവെങ്കിൽ ആളുകൾ പറയും "ഹംസൻ ഇതാ വന്നിരിക്കുന്നു. ഹംസിയുംക്രൂടി വന്നിട്ടുണ്ട്. അവർ വലിയ ബുദ്ധിമതിയാണ്. ദേവിയുടെ അസാമാന്യമായ ബുദ്ധിയെപ്പററി വീണ്ടും പറഞ്ഞു. "മാർവാറിഭക്തൻ (ലക്ഷ്മീനാരായണൻ) ഒരിക്കൽ എൻെറ അടുക്കൽവന്നു് ൧൦,൦൦൦ രൂപ ഞാൻ വാങ്ങണം എന്നു നിർബ്ബന്ധിച്ചു പറഞ്ഞു. അപ്പോൾ തലയിൽ ഇടി വീണതുപോലെ എനിക്കു തോന്നി. അമ്മയോടു ഇനിയും എൻെറ മനസ്സ് ഇളക്കുവാൻ വിചാരിക്കുന്നോ എന്നു ചോദിച്ചു. അപ്പോൾ ഞാൻ പരീക്ഷിക്കാൻവേണ്ടി അവരെവിളിച്ചു പറഞ്ഞു. "ഇതാ ഇയാൾ ഇത്രയും പണം തരാൻ പോകുന്നു. എനിക്കു സ്വീകരിക്കാൻ പാടില്ല. നിൻെറ പേരിൽ തന്നേയ്ക്കും. അതു വാങ്ങുന്നുണ്ടോ" എന്നു ചോദിച്ചു. അവർ പറഞ്ഞു. "അതു എങ്ങനെയാണ്. ഞാൻ പണം വാങ്ങുകയില്ല. ഞാൻ വാങ്ങുന്നതു് അവിടത്തേയ്ക്കു വേണ്ടി വാങ്ങുന്നതുതന്നെ. കാരണം വാങ്ങിയാൽ അവിടത്തെ ശുശ്രൂഷയ്ക്കും മററു ആവശ്യത്തിനും മാത്രമെ ചിലവിടുകയുള്ളൂ. ഫലം അവിടുന്നു ഗ്രഹിക്കുംപോലെതന്നെ. ജനങ്ങൾ അവിടുത്തെ ബഹുമാനിക്കുന്നതു് അവിടുത്തെ ത്യാഗംകൊണ്ടാണ്. അതുകൊണ്ട് പണം ഒട്ടും വാങ്ങാൻ നിവൎത്തിയില്ല." അവരുടെ ഈ വാക്കുകേട്ട് ഞാൻ സുഖമായി ശ്വാസം വിട്ടുതുടങ്ങി. ഈ വൃത്താന്തം സ്ത്രീഭക്തകൾ നഹബത്തിൽചെന്നു ശ്രീമാതൃദേവിയെ അറിയിച്ചപ്പോൾ അവർ പറഞ്ഞു. "കാലത്തു എന്നോടു അദ്ദേഹം പറഞ്ഞ ഭാവത്തിൽനിന്നു് പൂൎണ്ണമനസ്സോടു അനുവാദംതരുന്നില്ല എന്നു് എനിക്കു മനസ്സിലായി. വരട്ടെ എന്നു പറയാതെ ഈ സംഗതി തീൎച്ചപ്പെടുത്താനുള്ള ചുമതല എന്നിൽ വച്ചു. വരണം എന്നു ആഗ്രഹം ഉണ്ടെങ്കിൽ വരാം എന്നാണ് പറഞ്ഞതു്. അതുകൊണ്ട് വരാനുള്ള സങ്കല്പം ത്യജിക്കയാണ് ഉത്തമം എന്നു് ഞാൻ തീൎച്ചപ്പെടുത്തി."

അന്നേദിവസം ഭഗവാന്നു് ശരീരം ആസകലം ചൂടുണ്ടായി ഉറങ്ങാൻ കഴിഞ്ഞില്ല. ഉത്സവസ്ഥലത്തുവച്ചു ചാരിത്രം ഇല്ലാത്ത ജനങ്ങൾ അദ്ദേഹത്തിൻെറ ദേവശരീരം സ്പൎശിച്ചതുകൊണ്ട് ഇപ്രകാരം വന്നതാണ്.

സാന്മാർഗ്ഗികത ഇല്ലാത്തവർ സകാമഭാവത്തോടുകൂടി ഭഗവാനെ നമസ്കരിച്ചു പാദധൂളി ഗ്രഹിച്ചാൽ ഇപ്രകാരം വരാറുണ്ട്. പാണിഹാട്ടിലെ ഉത്സവത്തിന്റെ മൂന്നാം ദിവസമാണ് സ്നാനയാത്രാദിവസം. അന്നേദിവസം പ്രതിഷ്ഠയുടെ വാർഷികമായതുകൊണ്ട് ദക്ഷിണേശ്വരത്തു വലിയ ആഘോഷമാണ്. അന്ന് അസംഖ്യം സ്ത്രീപുരുഷന്മാർ ഭഗവാനെ ദർശനംചെയ്യാൻ വന്നു. ആ കൂട്ടത്തിൽ കൽക്കത്തായിൽ—പേരോടുകൂടിയ ഒരു സ്ത്രീ തന്റെ വസ്തുക്കളുടെ സംരക്ഷണത്തിനുവേണ്ടി ഭഗവാനെ വന്നു ഉപദ്രവിച്ചതുകൊണ്ട് അന്നേദിവസത്തെ ആനന്ദത്തിനു വിഘ്നം ഉണ്ടായി. മദ്ധ്യാഹ്നഭോജനകാലത്തും ഈ സ്ത്രീ സമീപത്ത് ഇരുന്നതുകൊണ്ട് പതിവുപോലെ ഭക്ഷണംകഴിക്കാൻ സാധിച്ചില്ല. ഊണുകഴിഞ്ഞു കൈകഴുകുന്നതിന് ഒരു സ്ത്രീഭക്ത ജലം ഒഴിച്ചുകൊടുത്തസമയം അവരോടു രഹസ്യമായി "ഇവിടെ ആളുകൾ വരുന്നതു ഭക്തിയും പ്രേമവും കിട്ടാനാണ്. ആരെങ്കിലും സമ്പത്ത് ലഭിക്കുന്നതിനായി ഇവിടെ വരുന്നതു കണ്ടിട്ടുണ്ടോ. ഈ പെൺപിറന്നവൾ കാമത്തോടുകൂടി സന്ദേശം മുതലായ പലഹാരങ്ങൾ കൊണ്ടുവന്നിരിക്കുന്നു. എനിക്കു അണുപോലും വായ്ക്കകത്തുവയ്ക്കാൻ സാധിക്കുകയില്ല." ഈ സ്ത്രീ അന്നുരാത്രിയും ദക്ഷിണേശ്വരത്തു താമസിച്ചതുകൊണ്ട് രാത്രികാലത്തും ഭഗവാന്റെ ഈ നീരസഭാവത്തിന് കുറവുണ്ടായില്ല. അത്താഴംകഴിക്കുമ്പോൾ ഒരു സ്ത്രീഭക്തയോടു പറഞ്ഞു. "ഇങ്ങനെ സ്ത്രീകൾ ഇവിടെ കൂട്ടംകൂടുന്നതു് ഒട്ടും നന്നല്ല. മധുരബാബുവിന്റെ പുത്രൻ ത്രൈലോക്യബാബു ഇവിടെ താമസിക്കുന്നു. അയാൾ വല്ലതും പറയുന്നതു കാണാം. ഒന്നോ രണ്ടോ സ്ത്രീകൾ ഇടയ്ക്കിടയ്ക്കു വന്നുകണ്ട് ഒരു ദിവസമോ അര ദിവസമോ താമസിച്ചിട്ടു പോകണം. അധികം സ്ത്രീകളുടെ കാററു (ശരീരസ്പർശത്തിൽനിന്നു വരുന്ന കാററ്) എനിക്കു സഹിക്കാൻ പാടില്ല." സ്ത്രീഭക്തകൾ പിറേറദിവസം വെളുക്കുന്നതിനു മുമ്പുതന്നെ കൽക്കട്ടായിലേയ്ക്കു തിരിച്ചു. സ്നാനയാത്രസംബന്ധിച്ചുള്ള പൂജയ്ക്കും* യാത്രമുതലായ മററു ചടങ്ങുകളിലും അന്നു പങ്കുകൊള്ളുന്നതിന് ഭഗവാന്ന് ഉത്സാഹം ഉണ്ടായില്ല. സദാ ഉച്ചഭൂമിയിൽ ഇരുന്നെങ്കിലും ഓരോ ദിവസത്തെ ആചരണത്തിൽക്കൂടി ഭഗവാൻ എത്ര സൂക്ഷിച്ചുവന്നുവെന്നും ഭക്തന്മാരുടെ നന്മയ്ക്കുവേണ്ടി അവരെ എങ്ങനെ ശാസിച്ച് അവരുടെ ഭക്തിഭാവം സംരക്ഷിച്ചുവന്നു എന്നും ഈ സംഭവത്തിൽ നിന്നു് നമുക്ക് ഊഹിക്കാവുന്നതാണ്.

---

* ബംഗാളിലെ നാടകം.

# ശ്രീ ബുദ്ധദേവന്റെ ദിനചര്യ.

സുരേപ്സിതമായ രാജലക്ഷ്മിയെ നിഷ്പ്രയാസം ത്യജിച്ച് ധൎമ്മസാക്ഷാൽക്കാരത്തിനുവേണ്ടി അനന്യമനസ്കനായി അലോകസാമാന്യമായ സാധനകൾ അനുഷ്ഠിച്ച് ശുദ്ധോദനപുത്രനായ ഗൌതമൻ ബോധിവൃക്ഷത്തിന്റെ തലത്തിൽവെച്ച സമ്യൿസംബുദ്ധനായിതീൎന്നു. അവിദ്യാഗ്രന്ഥികൾ നശിച്ച് "സൎവ്വഭൂതാത്മഭൂതാത്മാ"വായിത്തീൎന്ന ഭഗവാൻ അന്നുമുതൽ അനുഷ്ഠിച്ച സകല കൎമ്മങ്ങളും സ്വാൎത്ഥലേശമില്ലാത്തതും സൎവ്വലോകഹിതപ്രദവുമായിതീൎന്നു. അവിടുത്തെ ജീവിതത്തിലെ ഓരോ നിമിഷവും ഏതെങ്കിലും പ്രവൃത്തിയിൽ ശ്രദ്ധയോടും ഏകാഗ്രതയോടുംകൂടി വിനിയോഗിക്കപ്പെട്ടിരുന്നു. സ്മൃതികളിൽ സംസ്കാരബാഹ്യനല്ലാത്ത ഒരാൾ ദിനത്തിന്റെ ഓരോ യാമങ്ങളിലും അനുഷ്ഠിക്കേണ്ട കൃത്യങ്ങളെപ്പററി വിവരിച്ചിരിക്കുന്നത് വൈദികന്മാർ ഇപ്പോഴും ആദരിച്ചുവരുന്നുണ്ട്. അതേപ്രകാരം ശ്രീ ബുദ്ധദേവൻ ഓരോ ദിവസവും അനുഷ്ഠിച്ചുവന്ന സംഗതികളെപ്പററി ചില പാലിഗ്രന്ഥങ്ങളിൽനിന്നും നമുക്ക് ലഭിക്കുന്ന വിവരങ്ങളെ താഴെ പ്രതിപാദിക്കാം.

ഭഗവാൻ ബ്രാഹ്മമുഹൂൎത്തത്തിൽ തന്നെ ഉത്ഥാനംചെയ്ത് ശാരീരികവിധികളെ അനുഷ്ഠിച്ചശേഷം വിഹാരത്തിൻപുറമെ തുറന്ന സ്ഥാനത്തിൽ കഴിച്ചുകൂട്ടുന്നു. ശാരീരികവും മാനസികവുമായ സ്വാസ്ഥ്യം ലഭിക്കുന്നതിനായും ശ്രാവകന്മാരെയും ശ്രമണന്മാരെയും അനുഗ്രഹിക്കുന്നതിനായും ഇപ്രകാരം കുറെ സമയം വെളിയിൽ കഴിച്ചശേഷം ഭിക്ഷയ്ക്കു പോകുന്നതിനുള്ള സമയമാകുമ്പോൾ വിശുദ്ധമായ നൂതന കാഷായവസ്ത്രം ധരിച്ച് ശരീരം ആവരണംചെയ്ത് ഏകാകിയായിട്ടോ ശിഷ്യന്മാരോടുകൂടിയോ ഗ്രാമത്തിലേയ്ക്കു തിരിക്കുന്നു. ചിലപ്പോൾ ഒരു സാധാരണ ഭിക്ഷുവാണെന്നുമാത്രമെ കാഴ്ചക്കാൎക്കു തോന്നുകയുള്ളു. മററു ചില സമയം ദിവ്യവിഭൂതികൾകൊണ്ട് ഉജ്ജ്വലനായിരിക്കും. ജ്ഞാനദയാസിന്ധുവായ ഭഗവാന്റെ യാത്രയോടുകൂടി ആകാശം മേഘവിഹീനവും വായു സുഖസ്പൎശവുമായിത്തീരുന്നു. അദ്ദേഹത്തിന്റെ ഓരോ കാലടികളും കോമളകമലങ്ങളെപോലെ ഭൂമി തന്റെ വക്ഷസ്സിൽ ധരിക്കുന്നു. സകല ചരാചരങ്ങളും സ്വസ്ഥാനങ്ങളിൽ നിന്നും ഇളകാതെ നിൎന്നിമേഷദൃഷ്ടികളായി ബുദ്ധദേവനെതന്നെ നോക്കിക്കൊണ്ടിരിക്കുന്നു. ചില സമയം നാലു പാടും ദിവ്യസംഗീതം കേൾക്കപ്പെടും. ഈ മംഗളലക്ഷണങ്ങൾ കണ്ട് ജനങ്ങൾ ഭഗവാൻ ഭിക്ഷയ്ക്കു തിരിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കുന്നു. ശുഭ്രവസ്ത്രധാരികളായ ഗൃഹസ്ഥന്മാർ അത്യന്തം ഭക്തിയോടെ ഗന്ധപു

ഷ്പാദികൾകൊണ്ട് ഭഗവൽപാദത്തിൽ അച്ചനചെയ്തശേഷം കുറെ ഭിക്ഷുക്കളെ എൻെറ ഗൃഹം പാവനമാക്കുന്നതിലേയ്ക്കു അനുമതികൊടുത്ത് അയയ്ക്കണമെ എന്നു പ്രാത്ഥിക്കുന്നു. ചില ഭാഗ്യവാന്മാർ ഭഗവാനെ തന്നെ ഉത്തമമായ ആസനത്തിൽ ഇരുത്തി ഭക്തിവഴിഞ്ഞൊഴുകുന്ന ഹൃദയത്തോടെ ഭിക്ഷ നൾകി കൃതകൃത്യരാകുന്നു.

ഭിക്ഷൌഷധം ഭുജിച്ചശേഷം ഭഗവാൻ ശ്രാവകന്മാരായ ഗൃഹസ്ഥന്മാരുടെ ഓരോരുത്തരുടേയും സ്വഭാവമനുസരിച്ചുള്ള ഉപദേശം നൾകുന്നു. ചിലർ "ത്രിശരണം" ഉച്ചരിച്ച് ശരണാഗതന്മാരായിത്തീരുന്നു. ചിലർ പഞ്ചശീലത്തിൽ (ഹിംസാ. ചൌയ്യം. അസത്യം. വ്യഭിചാരം. മദ്യപാനം ഇവയെ ത്യജിക്കുക) ഉറപ്പിക്കപ്പെടുന്നു. മററു ചിലക്ക് ആഹ്തത്വത്തിൻെറ ആദ്യത്തെ പടിയായ "സ്രോതാപത്തി" ലഭിക്കുന്നു. വേറെ ചിലർ "സകൃദാഗാമി" എന്ന രണ്ടാമത്തെപടിയിൽ എത്തുന്നു. ചുരുക്കം ചിലർ അഹ്തത്വമെന്ന പരമപദത്തെയും പ്രാപിക്കുന്നു. ഇപ്രകാരം ഗൃഹസ്ഥന്മാരെ ദയാപൂൎവ്വം അനുഗ്രഹിച്ചശേഷം വിഹാരത്തിൽ തിരിച്ചുവന്നു "മണ്ഡലമാല"യിൽ ശ്രേഷ്ഠമായ ബുദ്ധാസനത്തിൽ ഇരിക്കുന്നു. ചുററും വൃത്താകാരമായി ഭിക്ഷുക്കൾ കൂടിയിരുന്ന് ബുദ്ധദേവൻെറ ധമ്മോപദേശം ശ്രവിച്ചുകൊണ്ടിരിക്കുന്ന സമാജത്തിനാണ് മണ്ഡലമാല എന്നു പറയുന്നത്. ഭിക്ഷുക്കളുടെ ആഹാരം കഴിയുന്നതുവരെ അവിടെനിന്നും പോകയില്ല. ആഹാരം കഴിഞ്ഞാൽ ഏകാന്തമായ ഒരു മുറിയിലേയ്ക്കു പോയി കാൽകഴുകി ഉത്തമമായ ആസനത്തിൽ ഇരിക്കുന്നു.

അതിനുശേഷം രത്നപയ്യങ്കത്തിൽ വന്നിരുന്ന് സന്യാസിമാരോട് ഇപ്രകാരം ആദേശിക്കുന്നു. "ഹേ ഭിക്ഷുക്കളെ! നിങ്ങൾ ധൈയ്യസമേതം നിൎവ്വാണലാഭത്തിനുവേണ്ടി പ്രയത്നിക്കുവിൻ. ലോകത്തിൽ സമ്യക്ബോധം ലഭിച്ചിട്ടുള്ള മഹാപുരുഷന്മാർ വളരെ വിരളമായേ അവതരിക്കുന്നുള്ളു. അനേകജന്മങ്ങളിൽ കൂടി കടന്നു നട്ടംതിരിയുന്ന ജീവിക്കു മനുഷ്യത്വം ലഭിക്കയെന്നതും വളരെ ദുർല്ലഭമാണ്. മഹാപുരുഷസംഗമവും ബഹുപ്രയാസമാണ്. പ്രവ്രാജനംചെയ്ത് സദ്ധമ്മമെന്തെന്ന് ഗ്രഹിക്കുന്നത് ഏററവും പ്രയാസമാണ്." ഭഗവാൻെറ ഈ പ്രോത്സാഹനത്താൽ ഉൽസുകരാക്കിത്തീക്കപ്പെട്ട ഭിക്ഷുക്കൾ ഓരോരുത്തരും അവരവരുടെ ധ്യാനത്തെ സംബന്ധിച്ച സംശയങ്ങളെ ഭഗവാനെ അറിയിച്ച് അവരവരുടെ പ്രകൃതിയനുസരിച്ച ഭഗവാൻ നൾകിയ ഉപദേശത്തിൽ സന്തുഷ്ടരായിത്തീൎന്നു. അവർ അവിടെ നിന്നും പിരിഞ്ഞു സമീപത്തില്ലുള്ളതും ജനസംബാധമില്ലാത്തതുമായ മരച്ചുവട്ടുകളിലും കുന്നുകളിലും പോയി ധ്യാനം ശീലിക്കുന്നു. ഭഗവാനും യോഗയുക്തനായിട്ടു വിശ്രമിക്കുന്നു.

അപ്പോഴേയ്ക്കും നേരം അപരാഹ്നമാകുന്നു. ധ്യാനമഗ്നനായിട്ടുതന്നെ

ഭഗവാൻ കാരുണ്യപൂർണ്ണമായ നയനങ്ങൾകൊണ്ട് നാലുദിക്കിലേയ്ക്കും നോക്കുന്നു. ദിനകൃത്യങ്ങൾ അവസാനിപ്പിച്ച സമീപത്തിലുള്ള ഗ്രാമത്തിൽ വസിക്കുന്ന ഗൃഹസ്ഥന്മാർ നല്ല വസ്ത്രങ്ങൾധരിച്ച് പുഷ്പോപഹാരവും കയ്യിലെടുത്തുകൊണ്ട് മഠത്തിൽ ഭഗവാന്റെ സമീപത്തു വന്നുചേരുന്നു. ബുദ്ധാസനത്തിൽ സുഖോപവിഷ്ടനായ ഭഗവാന്റെ ദിവ്യമുഖത്തുനിന്നും പുറപ്പെടുന്ന ധർമ്മോപദേശങ്ങൾ അല്പസമയം കേട്ടശേഷം ധർമ്മപരിഷത്തു പിരിയുന്നു. എല്ലാവരും ഭഗവാനെ നമസ്കരിച്ചു യാത്രപറയുന്നു.

സന്ധ്യയ്ക്കു അല്പം മുമ്പായി ഭഗവാൻ സ്നാനഗൃഹത്തിൽപോയി ശരീരമാർജ്ജനം ചെയ്തശേഷം രക്തവസ്ത്രംധരിച്ചു ദിവ്യമായ ബുദ്ധാസനത്തിലിരുന്നു ധ്യാനംചെയ്യുന്നു. അതു കഴിയുമ്പോഴേയ്ക്കു ഭിക്ഷുക്കളെല്ലാവരും വന്നുചേരുന്നു. അവരുടെ സംശയനിവൃത്തിവരുത്തി യോഗ്യതാനുസരണം ഉപദേശങ്ങൾ കൊടുത്ത് അവരുടെ മനോരഥപൂർത്തിവരുത്തുന്നു. ഭിക്ഷുക്കൾ മദ്ധ്യാഹ്നംകഴിഞ്ഞാൽ ജലപാനം മാത്രമെ കഴിക്കയുള്ളുവെന്നു നിയമമുണ്ട്. അവർ സ്വസ്ഥാനങ്ങളിലേയ്ക്കു പോയികഴിഞ്ഞ് രാത്രി കുറെ ചെന്നാൽ ദേവകൾവന്നു അവർക്കു വേണ്ട ഉപദേശങ്ങൾ സ്വീകരിക്കുന്നു. രാത്രിയുടെ ബാക്കി ഭാഗം മൂന്നായി വിഭജിച്ച് ആദ്യഭാഗത്തിൽ ഭഗവാൻ വിശ്രമാർത്ഥം ചുററിനടക്കുന്നു. രണ്ടാമത്തെഭാഗത്തിൽ വിവിക്തമായ മുറിയിൽ അവികല്പചിത്തനായിരിക്കുന്നു. മൂന്നാമതായി പ്രജ്ഞാചക്ഷുസ്സു കൊണ്ട്, മുൻപ് അവതരിച്ച ബുദ്ധന്മാരുടെ ആശീർവാദം ലഭിച്ചിട്ടുള്ളവരും ദാനത്തിലും ശീലത്തിലും പരമോത്തമന്മാരായി ജാതന്മാരായിട്ടുള്ളവരുമായവരെ സകല ലോകത്തിലും കണ്ടുകൊണ്ടിരിക്കുന്നു. ഇപ്രകാരം തന്റെ ഓരോ നിമിഷവും സർവ്വലോകത്തിലുമുള്ള ജീവികളുടെ ഹിതത്തിനുവേണ്ടി ചിലവാക്കി മൈത്രീപൂർണ്ണഹൃദയനും ഹിതസൌമ്യചിത്തനുമായ ഭഗവാൻ ശ്രീബുദ്ധൻ ആദിയിലും മദ്ധ്യത്തിലും പര്യവസാനത്തിലും കല്യാണകരവും പരമാർത്ഥവ്യഞ്ജനവും പരിപൂർണ്ണവും പരിശുദ്ധവും പര്യവദാതവുമായ ബ്രഹ്മചര്യം പ്രകാശിപ്പിച്ചുകൊണ്ട് ദിനങ്ങൾ കഴിച്ചുവന്നു.

മൈത്ര ധർമ്മിക കിലേശസൂദന
സർവ്വ സത്വ കരുണായ ഉൽഗത
മോദപ്രാപ്തപരമ ഉപേക്ഷക
ബ്രഹ്മഭൂതസുഗതോ നമോസ്തുതേ.

ലലിതവിസ്തരം.

സകല ഭൂതങ്ങളോടും മിത്രഭാവമുള്ളവനെ! ദുഃഖങ്ങളെ നശിപ്പിക്കുന്നവനെ! സർവ്വസത്വങ്ങളിലും കാരുണ്യം കാണിക്കുന്നതിനായി പ്രകടീഭവിച്ചവനെ! മോദപൂർണ്ണ! പരമമായ ഉപേക്ഷയോടുകൂടിയവനെ! ബ്രഹ്മഭൂതനായ സുഗത! അങ്ങേയ്ക്കു നമസ്കാരം.

# പുസ്തകാഭിപ്രായം.

---

__ശ്രീരാമകൃഷ്ണചരിതം.__

മൂന്നോ നാലോ മണിക്കൂർ സമയം "ഹരികഥ" നടത്തുന്നതിന് ഉപയോഗിക്കത്തക്കവിധം തിരുവനന്തപുരം സംസ്കൃതകാളേജ് പ്രിൻസിപ്പാൽ ശ്രീമാൻ വി. കെ. തമ്പി അവർകൾ ബി. എ. എട്ടു വഷങ്ങൾക്കു മുൻപ് രചിച്ചിട്ടുള്ള ഒരു ഗീതികാവ്യമാണ് ഈ ചെറിയ ഗ്രന്ഥം. ശ്രീരാമകൃഷ്ണദേവന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ പതിനഞ്ച് തലക്കെട്ടുകളിലായി ഇതിൽ സംക്ഷേപിച്ച് വണ്ണിച്ചിരിക്കുന്നു. ൩൨ ശ്ലോകങ്ങളും ൧൩ ഗീതങ്ങളും ഒരു ദണ്ഡിയുംകൊണ്ടാണ് ഇതു് നിവ്വഹിച്ചിരിക്കുന്നതു്. ശ്രീരാമകൃഷ്ണസൂക്തങ്ങൾ എന്ന പേരിൽ ൨൯ ശ്ലോകങ്ങൾ ഗ്രന്ഥാവസാനത്തിലും ചേത്തിട്ടുണ്ടു്. ൧൯൨൨-ൽ ഗ്രന്ഥകത്താവു് "ശ്രീകൃഷ്ണാവതാരം" ഗാനകാവ്യത്തിന്റെ ആമുഖമായി ചേത്ത ൩൩ ശ്ലോകങ്ങളെതന്നെ ഇവിടെയും പകത്തിയിട്ടുണ്ടു്. "സരസകോമളകാന്തപദാവലി"കളെ രചിച്ച ഭക്തകവിയായ ജയദേവന്റെ ഗീതികാവ്യപ്രസ്ഥാനത്തെ മലയാളികൾ സവിശേഷം ആദരിച്ചുവരുന്നുവെന്നുള്ളതിന് മാനവേദന്റെ ശ്രീകൃഷ്ണഗീതിയും കഥകളികളും പ്രസ്കൂടോദാഹരണങ്ങളാണ്. ആലോചനാവിഷയമായ ഈ ചെറിയ കൃതിയും ഈ പന്ഥാവിൽ തന്നെയുള്ളതാണ്. ശ്ലോകങ്ങളുംപദങ്ങളും നിദ്ദോഷവും സരസവുമാണ്. വശ്യവാക്കായ ഗ്രന്ഥകത്താവു് സംസ്കൃതസാഹിത്യത്തിൽ ഗാഢാവഗാഹം സിദ്ധിച്ചിട്ടുള്ളയാളാണെന്ന് പല സ്ഥലങ്ങളും സാക്ഷ്യംവഹിക്കുന്നുണ്ടു്. "മാധവമയിമാകുരു ......" ഇത്യാദി പദങ്ങളും "ചകിത ചകിതൈ......" ഇത്യാദി ശ്ലോകങ്ങളും സംസ്കൃതസാഹിത്യരസികന്മാരുടെ ജിഹ്വാഗ്രത്തിൽ വിളയാടുന്ന പല ഉത്തമശ്ലോകങ്ങളോടും പദങ്ങളോടും സാമ്യംവഹിക്കുന്നവയാണ്. സംസ്കൃതപക്ഷപാതികളായ പണ്ഡിതന്മാക്ക് ആധുനികകാലത്തെ ധമ്മസമന്വയമൂത്തിയായ ശ്രീരാമകൃഷ്ണദേവന്റെ ജന്മകമ്മങ്ങളിൽ നൂതനമായ അഭിനിവേശവും അതേപ്പററിയുള്ള ജിജ്ഞാസയും ഈ ഗ്രന്ഥംവഴിയായി ഉളവാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

വൈഷ്ണവാവതാരമായി പരകാലത്തിൽ പൌരാണികന്മാരാൽ സ്വീകരിക്കപ്പെട്ട ശ്രീ ബുദ്ധദേവന്റെ ചരിതത്തെ തന്റെ മഹാകാവ്യത്തിന് വിഷയമാക്കി അശ്വഘോഷൻ അമരനായിത്തീന്നു. മാധവാചാര്യരുടെ ശങ്കരദിഗ്വിജയം എന്ന മഹാകാവ്യം മാത്രമാണ് ശിവാവതാരമായി ഗണിക്കപ്പെടുന്ന ആദിശങ്കരാചാര്യരുടെ ജീവിതവൃത്താന്തങ്ങളറിവാനുള്ള അവലംബം. അദ്ദേഹത്തിന്റെ ജീവിതത്തെത്തന്നെ അധികരിച്ച് ലക്ഷ്മണശാസ്ത്രികൾ ഭഗവൽപാദാഭ്യുദയം എന്ന കാവ്യതല്ലജത്തെ രചിച്ച് ഇക്കാല

ത്തും സമ്മാന്യനായിത്തീൎന്നിട്ടുണ്ട്. അതുപോലെ പ്രേമാവതാരമായ ചൈതന്യദേവൻെറ ജീവിതത്തെ ചൈതന്യചന്ദ്രോദയം എന്ന നാടകത്തിലും കവി കൎണ്ണപൂരൻ രചിച്ച മഹാകാവ്യത്തിലും സമഗ്രമായി വൎണ്ണിച്ചിരിക്കുന്നു. ഇവയെല്ലാം സംസ്കൃതജ്ഞന്മാൎക്ക് വലിയ സമ്പത്താണ്. ഈ യുഗത്തിലെ അവതാരപുരുഷനായ ശ്രീരാമകൃഷ്ണദേവൻെറ ജീവിതത്തെപ്പററിയും ആ തരത്തിൽ കുറേക്കൂടി വിസ്തരമായ ഒരു ഗ്രന്ഥം ശ്രീമാൻ തമ്പി അവൎകളുടെ തൂലികയിൽനിന്നും ലഭിക്കുന്നതിന് ഞങ്ങൾക്ക് മോഹമുണ്ട്. അദ്ദേഹത്തിൻെറ ഈ ശ്രമത്തെ ഞങ്ങൾ സൎവ്വാത്മനാ അഭിനന്ദിക്കുന്നു. ൪ അണ വിലയ്ക്കു് ഈ പുസ്തകം ബി. വി. ബുക്ക്ഡിപ്പോവിൽ കിട്ടുന്നതാണ്.

### രാമായണാങ്കം.

ഗോരഖ്പൂരിൽ നിന്നും പുറപ്പെടുന്ന "കല്യാണ" എന്ന ഹിന്ദി മാസികയുടെ വിശേഷാൽപ്രതിയായ "രാമായണാങ്കവും" പരിശിഷ്ടവും കൈപ്പററി ഹാൎദ്ദമായി നന്ദിപറഞ്ഞുകൊള്ളുന്നു. ധൎമ്മപരമായ വിഷയങ്ങളെപ്പററി മാത്രം പ്രതിപാദിക്കുന്ന ഈ മാസികയ്ക്കു് ൨൫൦൦൦ ത്തോളം വരിക്കാർ ഉണ്ടെങ്കിലും അന്യ പരസ്യങ്ങൾപോലും സ്വീകരിക്കുന്നതല്ല. വാൎഷികവരിസംഖ്യ വിശേഷാൽപ്രതി ഉൾപ്പടെ ൪ ത്രപാ ൨൦ ണ. വിശേഷാൽ പ്രതിക്കു മാത്രം ൨ ത്രപാ ൮ ണ. ഭംഗിയുള്ള കടലാസിൽ മനോഹരമായി അച്ചടിച്ചിരിക്കുന്നതും ൫൦൦-ൽ പരം പുറങ്ങൾ അടങ്ങിയതുമായ ഈ വിശേഷാൽ പ്രതിയിൽ ഹിന്ദിയിലെ സുപ്രസിദ്ധ സാഹിത്യകാരന്മാർ രചിച്ചിട്ടുള്ളതും മഹാത്മാ ഗാന്ധി, അരവിന്ദഘോഷ്, രബീന്ദ്രനാഥടാഗോർ, ഗ്രിഫിത്ത്, ഓമാൻ, ഗ്രയർസൺ തുടങ്ങിയവർ മററു ഭാഷകളിൽ രാമായണത്തെപ്പററി എഴുതീട്ടുള്ളതു് തൎജ്ജിമചെയ്തു് ചേൎത്തിട്ടുള്ളതുമായി ആകെ ൨൩൭ ലേഖനങ്ങളും ൪൩ കവിതകളുമാണ് ഉള്ളതു്. മനോമോഹനങ്ങളായ ൨൫൦-ൽ പരം ചിത്രങ്ങൾ പുസ്തകത്തിൻെറ ശോഭയെ അത്യന്തം വൎദ്ധിപ്പിച്ചിരിക്കുന്നു. ഈ സുന്ദരവും നിൎദ്ദോഷവും വിജ്ഞാനപ്രദവുമായ പ്രസിദ്ധീകരണം രാഷ്ട്രഭാഷയായ ഹിന്ദിയുടെ പ്രചാരത്തിനും ഭാരതവൎഷത്തിലെ ഐക്യവിധായകമായ സാമാന്യസംസ്കാരത്തിൽ അത്യുച്ചസ്ഥാനത്തെ അൎഹിക്കുന്ന ശ്രീമത് രാമായണത്തിൻെറ സൎവ്വതോമുഖമായ ഒരു ചൎച്ചവഴിയായി രാഷ്ട്രീയ ഉൽക്കൎഷത്തിനും ദേശാഭിമാനസംരക്ഷണത്തിനും അത്യന്തം സഹായിക്കുന്നതാണ്. ധൎമ്മവും ജ്ഞാനവും ഭക്തിയും നിറഞ്ഞ ലേഖനപരമ്പരയുടെ ഇടയിൽനിന്നും ഏതാനും ചിലതിനെ മാത്രം പരാമൎശിക്കുന്നതായാൽ അതു് മററുള്ളവയോട് അപരാധംകാണിക്കുകയായിരിക്കും. അതുകൊണ്ടു് ഏതാനും ലേഖനങ്ങളുടെ തലക്കെട്ടു

മാത്രം കാണിച്ച് പ്രതിപാദ്യവിഷയം എന്തായിരിക്കുമെന്ന് വായനക്കാരുടെ ഊഹത്തിനു വിട്ടുകൊടുക്കുവാനെ തരമുള്ളു. രാമായണതത്വരഹസ്യം, ആദൎശപുരുഷോത്തമൻ, സീതാചരിത്രത്തിൽ നിന്നും ആദൎശശിക്ഷണം, ഭരതൻ, സൽഗുണവതിയായ കൈകയി, വിദേഹഭക്തൻ ജനകൻ, ശ്രീ ഹനുമച്ചരിത്രം പഠിപ്പിക്കുന്ന പാഠം, രാമായണത്തിലെ ആദൎശഗൃഹസ്ഥൻ, രാമാവതാരത്തിലെ വിവിധഭാവവും രഹസ്യവും, ഹിന്ദുസമാജത്തിൽ രാമപൂജയ്ക്കുള്ള പ്രാധാന്യം, ദാസനും പരമപദവും, രാമായണത്തിലെ ഹിന്ദുസംസ്കാരം, വാത്മീകിയുടെ സുന്ദരഖാണ്ഡം രാജനീതിജ്ഞനായ വാത്മീകി ഇത്യാദി രാമായണത്തെപ്പററിയുള്ള സകല അംശങ്ങളേയും വിഷയസൂചി ഉൾപ്പെടുത്തി കാണിക്കുന്നു.

രാമായണത്തെപ്പററി മഹാത്മാ ഗാന്ധിയുടെ ഈ അഭിപ്രായം അനഘമാണ്. "ശ്രദ്ധയും, വിശ്വാസവുംകൊണ്ട് അന്തൎജ്ഞാനവും, അന്തഃശ്ശുദ്ധിയും വൎദ്ധിക്കുന്നു. ബുദ്ധിബലംകൊണ്ട് ബാഹ്യജ്ഞാനം വൎദ്ധിക്കുന്നു. ബുദ്ധിശാലി ചരിത്രഭ്രഷ്ടനായേക്കാം. ശ്രദ്ധാവാൻ ഒരിക്കലും ചരിത്രഹീനനാവുകയില്ല. ഈ ശ്രദ്ധ ലഭിക്കുവാനുള്ള വഴി രാമായണം കാണിച്ചുതരുന്നു". രാഷ്ട്രഭാഷയായ ഹിന്ദി ക്രമേണ കേരളീയരും പഠിച്ചുതുടങ്ങിയിരിക്കുന്ന ഈ അവസരത്തിൽ ഹിന്ദി അറിയാവുന്നവർ ഈ പുസ്തകം വാങ്ങി വായിച്ച് അതിൻെറ ഉത്തമഗുണങ്ങളെ അനുമോദിക്കാതിരിക്കയില്ലെന്നു ഞങ്ങൾ പ്രബലമായി വിശ്വസിക്കുന്നു. Kalyan Gorakhpur എന്ന വിലാസത്തിൽ കിട്ടുന്നതാണ്.

---

വിവേകാനന്ദമിഷൻ പ്രസിഡൻറ് പൂജ്യപാദ ശ്രീമത് നിൎമ്മലാനന്ദസ്വാമികളെ സ്വീകരിക്കുന്നതിനായി സെപ്ററംബർ ൨൨-ാംനു- തിങ്കളാഴ്ച ആണറബിൾ ഭൂപേന്ദ്രനാഥബാസുവിൻെറ കല്ക്കട്ടായിലുള്ള വസതിയിൽവെച്ചു കെങ്കേമമായി ഒരു സഭ കൂടുകയുണ്ടായി. മിഷൻെറ ഉപസഭാപതിയായ കവിരാജശ്യാമദാസവാചസ്പതി പുഷ്പചന്ദനാദികൾകൊണ്ട് ശ്രീ സ്വാമിജിക്ക് അഭിവാദനപൂൎവ്വം സ്വാഗതം നൾകി. അദ്ദേഹത്തിൻെറ ചെറിയ ഒരു പ്രസംഗത്തിനുശേഷം മംഗലാചരണവും സ്വാഗതഗാനവും പാടിക്കഴിഞ്ഞു് ഇംഗ്ലീഷിലും സംസ്കൃതത്തിലും ബംഗാളിയിലും ഓരോ മംഗളപത്രവും സമൎപ്പിക്കയുണ്ടായി. ഇതിന് ശ്രീസ്വാമിജി സംക്ഷിപ്തമായ ഒരു പ്രസംഗത്തിൽ സമുചിതവും ഹൃദയംഗമവുമായ മറുപടി നൾകുകയും ചെയ്തു. മിഷൻ സംബന്ധമായ പ്രവൎത്തികളെപ്പററി വേണ്ട ആലോചനകൾക്കുശേഷം സഭ പിരിഞ്ഞു.

---

*Address presented to Sri Swamy Nirmalanandajee.*

**SRIMAT SWAMI NIRMALANANDAJI MAHARAJ,**

***President of the Vivekananda Mission.***

**Revered Swamiji,**

The spirit of unity in the midst of diversity that you have maintained throughout your mission amongst the ostensibly differing communities of India and the resonant chord of constructive and synthetic thought and work of which you have been a living exponent as a true co-adjutor of Swami Vivekananda, make us approach you on your arrival here, with our tribute of appreciation and regard and to place such tribute before you in a spirit of humility.

From the day you received your inspiration from the Great Master your spiritual nature has grown stronger, brighter and higher serving as a beacon light to the followers of Sri Ramkrishna and Vivekananda in helping them to tread the path laid down by them for the service of our beloved Motherland and of humanity. We crave your blessings, and we earnestly trust that your parental care, friendly love and helping hand will always be extended to us in the journey we have undertaken.

We remain,

Ever yours in service and love,

Members of the Vivekananda Mission.

CALCUTTA,

*The 22nd September, 1930.*